# മനുഷ്യനിലെ മനുഷ്യൻ

ജിയോ പയ്യപ്പിള്ളി

എസ്. എച്ച്. ലീഗ്

www.malankaralibrary.com

# മനുഷ്യനിലെ മനുഷ്യൻ

ജിയോ പയ്യപ്പിള്ളി

എസ്. എച്ച്. ലീഗ്.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

SACRED HEART LEAGUE

MALAYALAM
BIMONTHLY
VOL. 49 No. 3
MAY 1968

*Edited by:*

FR. PAULINUS O. C. D.

*Printed by:*

BR. C. F. JOSEPH

AT J. M. PRESS, ALWAYE-3

*And Published by Him:*

AT ST. JOSEPH'S PONTIFICAL
SEMINARY, ALWAYE-3

*Subscription:*

SINGLE COPY: 0—25
ANNUAL: 1—50

CUM PERMISSU SUPERIORUM

www.malankaralibrary.com

# മനുഷ്യനിലെ മനുഷ്യൻ

"മനുഷ്യൻ ഉപയോഗശൂന്യമായ വികാര (Man is a useless passion)മാണ്." "നാം അസ്തിത്വത്തിന്റെ കാരാഗൃഹത്തിൽ ബന്ധിതമത്രേ; ഈശ്വരനോ ആ ബന്ദിയിലെ പൊള്ളറാണിയും." "മനുഷ്യൻ അസാദ്ധ്യമത്രേ; ഞാൻതന്നെ അസാദ്ധ്യം". "എന്റെ നരകം അയല്ക്കാരനല്ലാതെ മറ്റൊന്നുമല്ല"; "മനുഷ്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി അഭിശപ്തമായിരിക്കുന്നു"—മനുഷ്യനെന്ന അത്ഭുതപ്രതിഭാസത്തിന്റെ ഉൾപ്പൊരുളിലേക്കു ചൂഴ്ന്നിറങ്ങി അവന്റെ അമൂല്യതയും മഹനീയതയും ഉയർത്തിക്കാട്ടുവാൻ ശ്രമിച്ച അസ്തിത്വചിന്തയുടെ തലപ്പത്തിരിക്കുന്ന ജാങ്പോൾ സാർത്ര് (J. P. Sartre) ന്റെ ഗ്രന്ഥങ്ങളിൽനിന്നടർത്തിയെടുത്ത ഉദ്ധരണികളാണിവ. "മനുഷ്യൻ അസ്തിത്വത്തിന്റെ കാവലാളി"യെന്നു തെളിയിക്കുവാൻ കനപ്പെട്ട പുസ്തകങ്ങളെഴുതിയ ഹൈഡഗ്ഗർ (M. Heidegger) അവനെ ഉത്കണ്ഠയുടെ ഉമ്മറപ്പടിയിൽനിന്നു ശൂന്യതയുടെ നാല്ക്കവലയിലേക്കെടുത്തെറിഞ്ഞു-

www.malankaralibrary.com

വ്യക്തി അവശും പാപിയും ആകുലനുമായ സത്തയെന്നു അസ്തിത്വവാദത്തിന്റെ തലതൊട്ടപ്പനായ കീർക്കഗോർ (S. Kierkegaard) പ്രസ്താവിച്ചപ്പോൾ അവൻ അർത്ഥശൂന്യനും നിരർത്ഥകനുമെന്നു 'അബ്സേഡിററി'യുടെ പ്രവാചകനായ അൽബേർ കാമു പറഞ്ഞുവച്ചു. മനുഷ്യന്റെ ഏകമുക്തിമാർഗ്ഗമായി സാർത്ര് ചൂണ്ടിക്കാട്ടിയതു് ആത്മഹത്യയാണു പോലും! അങ്ങനെ മനുഷ്യവ്യക്തിയുടെ മഹത്വവും മഹനീയതയും സ്വാതന്ത്ര്യവും വികസ്വരതയും പൊക്കിപ്പിടിക്കാൻ തുനിഞ്ഞ ആധുനികചിന്തകർ കണ്ടെത്തിയതോ മൂല്യമററവനും നിസ്വതന്ത്രനും അർത്ഥശൂന്യനും അരിശപ്പെട്ടനും ഉദ്വിഗ്നനുമായ മനുഷ്യനെയത്രേ.

## ഉപോദ്ഘാതം

### മനുഷ്യൻ—ചിന്തയിൽ

പക്ഷേ, ആരാണീ മനുഷ്യൻ? ദാർശനികചിന്തയുടെ പിള്ളത്തൊട്ടിലിലേ വാർന്നുവീണു, ഈ ചോദ്യം. ഈ പ്രശ്നത്തിനുത്തരമേകുവാൻ മതവും തത്വവിജ്ഞാനീയവും മുന്നിട്ടിറങ്ങി. മനുഷ്യാസ്തിത്വത്തിന്റെ മൂല്യമെന്താണു്? ജീവിതം ജീവിതവ്യമോ? വ്യക്തിയുടെ ആത്യന്തികലക്ഷ്യമേതു്? യഥാർത്ഥാനന്ദത്തിലേക്കു നയിക്കുന്ന മാർഗ്ഗങ്ങളെന്തൊക്കെ? വീർപ്പുമുട്ടിക്കുന്ന ഇത്തരം വിഷമപ്രശ്നങ്ങൾക്കു വിശദീകരണം തേടി മതങ്ങളെ അവൻ അഭയംതേടിയിട്ടുണ്ടു്.[1] ജീവിതത്തിന്റെ വഴിത്താരയിലെ നിർണ്ണായകഘട്ടങ്ങളിൽ എല്ലാവരും ഈ ചോദ്യങ്ങൾ ഉന്നയിക്കും. കദനത്തിന്റെ

1. Cfr. സഭയും അക്രൈസ്തവമതങ്ങളും no. I

www.malankaralibrary.com

കയത്തിൽ കിടന്നു മുങ്ങിത്തുടങ്ങുമ്പോഴും, യുദ്ധത്തിന്റെ കാർമുകിലുകൾ അന്താരാഷ്ട്രചക്രവാളത്തിൽ കുമിഞ്ഞുകൂടുമ്പോഴും, ജീവിതത്തിനു മടിപ്പും ചൊടിപ്പും അനുഭവപ്പെടുമ്പോഴും പലരും പലവുരു ചോദിക്കും, ഇത്തരം പ്രശ്നങ്ങൾ.[1]

പ്രതീചിയിൽ ചിന്തയുടെ ഈററില്ലമായ ഗ്രീസിൽ തത്വചിന്തയുടെ തലതൊട്ടപ്പനായ താലെസ് മനുഷ്യനെന്ന മഹാത്ഭുതത്തിൽ വിസ്മിതനായി വിളിച്ചു പറഞ്ഞു: "മനുഷ്യനു ലോകത്തിലേ ഏററവും വിഷമംപിടിച്ചകാര്യം തന്നെത്തന്നെ അറിയുകയാണു്." ആ വിജ്ഞാനസൂക്തിക്കു് യവനർ ശാശ്വതത്വം നല്കി. അപ്പോളോദേവനുവേണ്ടി പണിതുയർത്തിയ ആലയത്തിന്റെ പടിപ്പുരയെ അലങ്കരിക്കുന്ന മാർബിൾശിലയിൽ ഈ ജ്ഞാനോക്തി ആലിഖിതമത്രേ. മനുഷ്യനെപ്പററി ക്രമവത്കൃതപഠനം നടത്തുവാനാരംഭിച്ചതു സോക്രട്ടീസാണു്. പ്ലേറോയാകട്ടെ, ആ ചിന്താധാരയെ വികസ്വരമാക്കി. അദ്ദേഹം പ്രാഥമ്യംനല്കിയതു് മനുഷ്യന്റെ ആത്മീയതക്കായിപ്പോയി. മനുഷ്യനെന്ന പുരുഷനെ (Human person) ക്കുറിച്ചു ബൃഹത്തായ പരിചിന്തനങ്ങൾ നടത്തിയതോ ദാർശനികചിന്തയിലെയുഗപ്രഭാവനായ അരിസ്റ്റോട്ടലും.[2] "മനുഷ്യൻ ചിന്തിക്കുന്ന മൃഗ"മെന്നു ആദ്യമായി വിളിച്ചതും അദ്ദേഹംതന്നെ. എന്നാൽ, അവന്റെ വൈശിഷ്ട്യം കതയിൽ അദ്ദേഹം കാലൂന്നി. അങ്ങനെ, മനുഷ്യന്റെ മഹനീയതയെക്കുറിച്ചു് സാധകമായ കാഴ്ചപ്പാടുകൾ നല്കിയ ഗ്രീക്കസാഹിത്യസഞ്ചയത്തെ ഹ്യൂമാനിത്താസ് (Humanitas) എന്നു വിളിച്ചുപോന്നു.

---

1. Cfr. A New Catechism (Herder & Herder, New York, 1967) 3

2. Cfr. Aristotle, De Anima.

www.malankaralibrary.com

ക്രിസ്തുവിൻെറ അവതീർണ്ണതയോടെ മനുഷ്യൻെറ മഹത്വം വികസ്വരമാകുകയായിരുന്നു. ക്രിസ്തുവിൻെറ സപ്പോർത്ത ഉൾക്കൊണ്ടു ക്രിസ്ത്യൻഹ്യൂമനിസത്തിനു സർഗ്ഗാത്മകമായ സംഭാവന നല്കി, സെൻറഗസ്റ്റിൻ. ദൈവോന്മുഖത മഹാരഹസ്യമായ മനുഷ്യൻെറ (Grande profundum) മഹത്വത്തിൻെറ നിദാനമായിരുന്ന അദ്ദേഹത്തിൻെറ കാഴ്ചപ്പാടിൽ:"ഈശ്വരാ, നീ നിനക്കായിഞങ്ങളെ സൃഷ്ടിച്ചു; ഞങ്ങളുടെ ഹൃദയം നിന്നിൽ വിലയം കൊള്ളുന്നതുവരെ അസ്വസ്ഥമായിരിക്കും.[1] മധ്യയുഗങ്ങളിലൂടെ ക്രൈസ്തവഹ്യൂമനിസം കതിരിട്ടു പൂവണിഞ്ഞു. സ്കോളിസ്റ്റിക് ചിന്തയുടെ ആവിർഭാവത്തോടെ മനുഷ്യനെപ്പററി കൂടുതൽ പഠിക്കുകയായിരുന്നു, അക്വിനാസ്. 'സുമ്മാതിയോളജിക്ക'യിൽ മനുഷ്യൻെറ സ്വഭാവം, ശ്രേഷ്ഠത, ഭാവി ഇവയെ സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. സമഗ്രക്രിസ്ത്യൻ ഹ്യൂമനിസത്തിൻെറ സുപ്രധാന ശില്പികൂടിയായിരുന്നു, അക്വിനാസ്.

ഈശ്വരകേന്ദ്രീകൃതമായ ഈ ഹ്യൂമനിസത്തിൻെറ പ്രവാചകരും പ്രചാരകരുമായിരുന്നു തുടർന്നുവന്ന ചിന്തകർ. അവരുടെ പ്രതിനിധിയായി പാസ്കലിനെ ഉദ്ധരിക്കാം: "അനന്തതയുമായി തട്ടിച്ചുനോക്കുമ്പോൾ മനുഷ്യൻ ശൂന്യതയാണ്. ഇല്ലായ്മയുമായി സാമ്യപ്പെടുത്തുമ്പോളോ, അവൻ സമ്പൂർണ്ണനാകുന്നു…ശൂന്യതയിൽനിന്നു മെനഞ്ഞെടുത്ത് അമേയതയിൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു അവൻ… അനന്തതയാൽ ചൂഴ്ന്ന അവൻ ചിന്തിക്കുന്ന ഒരു ഞാങ്ങണ (thinking reed) മാത്രം.... പക്ഷേ പ്രപഞ്ചം അവനെ ഞെരിച്ചുകളഞ്ഞാലും അവൻ പ്രപഞ്ചത്തേക്കാൾ ശ്രേഷ്ഠനായിരിക്കും"[2] ഷേക്സ്പീരിയൻ പ്രതിഭയും മനുഷ്യൻെറ മഹത്വവും അന്ത

1. Confessions, Bk I, ch.I, no.I
2. Pascal. Pensees.

www.malankaralibrary.com

സ്സം മനസ്സിലാക്കി: "എത്ര മഹത്തായ സൃഷ്ടി! എത്ര ഉദാത്തമായ മനനശക്തി! മാലാഖമാരോടും ഈശ്വരനോടും അടുക്കുവാൻ കുതിക്കുന്ന മനുഷ്യൻ വാസ്തവത്തിൽ സൃഷ്ടിസാകല്യത്തിന്റെ താഴികക്കുടമത്രേ".[1]

## ആധുനികഹ്യൂമനിസം

പതിനഞ്ചാംനൂററാണ്ടിൽ ആധുനികഹ്യൂമനിസത്തിന്റെ അരുണോദയത്തോടെ മനുഷ്യകേന്ദ്രീകൃതഹ്യൂമനിസത്തിന്റെ നാന്ദികുറിച്ചു. ഈശ്വരനെ പ്രപഞ്ചത്തിൽനിന്നുപുറംതള്ളിയില്ലെങ്കിലും മനുഷ്യനേയും വിശ്വകടാഹത്തേയും വിശദീകരിച്ചതു് ഈശ്വരനെക്കൂടാതെയത്രേ· റെനേ ഡേക്കാർട്ട്(Descartes)ന്റെ യുക്തിവാദത്തോടെ ആധുനികഹ്യൂമനിസം രണ്ടാംഘട്ടത്തിലെത്തി. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ വൈരുധ്യാത്മകമായ ചിന്താപ്രസ്ഥാനങ്ങൾക്കു വഴിതെളിച്ചു. ആഗസ്റ്റ് കോംതിന്റെ പോസിററിവിസം വസ്തുനിഷ്ഠമായി ഇന്ദ്രിയങ്ങളുടെ നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയമല്ലാത്തതെന്തും അബദ്ധമെന്നു പറഞ്ഞുകളഞ്ഞു. മനുഷ്യന്റെ അന്ത്യം അവൻതന്നെ. അവന്റെ സ്വയംപര്യാപ്തതയും പരാശ്രയരാഹിത്യവും സ്ഥിരീകരിക്കുകയും ചെയ്തു. പക്ഷേ, അദ്ദേഹത്തിന്റെ ഹ്യൂമനിസത്തിൽ വ്യക്തികൾക്കു സ്ഥാനമില്ല, അവർ സമുദായത്തിന്റെ ഘടകങ്ങൾ മാത്രം. സ്വന്തമായ അസ്തിത്വവും മഹത്വവും നിഷേധിക്കപ്പെട്ടു. ഡാർവിനിയൻപരിണാമസിദ്ധാന്തത്തിന്റെ കാഴ്ചപ്പാടിൽ മനുഷ്യൻ 'വാലുമുറിഞ്ഞ' ജന്തുമാത്രം. ഒരുപടികൂടി കടന്നു ഫ്രോയിഡ് മനുഷ്യനെ ലൈംഗികവികാരപ്രചോദിതമൃഗമാക്കി.

1. Hamlet, Act II, Scene 2, lines 274 ff.

www.malankaralibrary.com

## ഹേഗൽ, മാർക്സ് പ്രഭൃതികൾ

തത്വവിജ്ഞാനീയത്തിൽ ബൃഹത്തായ വൈജ്ഞാനിക സൗധം പണുത്തുയർത്തിയ ഹേഗൽ മനുഷ്യനെ യുക്തിയുടെ ഊഷരഭൂമിയിലൂടെ അപഗ്രഥിച്ചു. മനുഷ്യന്ന തനതായ വ്യക്തിത്വമില്ല, ഹേഗേലിയൻ ചിന്തയിൽ. രാഷ്ട്രമാണു സർവ്വപ്രധാനം. ഹേഗലിൻെറ അനുഗാമിയായ ഫൊയെർബാക് (Feuerback) മനുഷ്യനെന്ന രഹസ്യത്തിന്ന തൃപ്തികരമായ ഉത്തരമൊന്നും നല്കിയിട്ടില്ല. അദ്ദേഹത്തിൻെറ മനുഷ്യൻ വ്യക്തിയല്ല; മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഐക്യമത്രേ. ഹേഗേലിയൻ ഡയലററിക്സും ഫൊയർബാക്കിയൻ നിരീശ്വരത്വവും കൂട്ടിക്കൊരുക്കി തൻെറ സാമ്പത്തികശാസ്ത്രത്തിൻെറ മൂശയിൽ മാർക്സ് വൈരുദ്ധ്യാത്മകവാദത്തിന്ന രൂപവും ഭാവവും നല്കി. മനുഷ്യദർശനത്തിന്ന മാർക്സ് കനപ്പെട്ട സംഭാവനകൾ പ്രദാനംചെയ്തിട്ടുണ്ടു്. പക്ഷേ, അദ്ദേഹത്തിൻെറ മനുഷ്യവീക്ഷണം ഭാഗികവും അപൂർണ്ണവുമത്രേ. സാമ്പത്തികഘടകത്തിന്ന അമിതപ്രാധാന്യം നല്കിയതുതന്നെ മാർക്സിസത്തിൻെറ അടിസ്ഥാനപ്രമാദം. അധ്വാനവും ഉല്പാദനവ്യവസ്ഥകളും മാത്രമല്ല മനുഷ്യനെ മനുഷ്യനാക്കുന്നതു്. സമൂഹയന്ത്രത്തിലെ വെറുമൊരു പൽചക്രം മാത്രമല്ലവൻ. സ്വന്തം ഭാഗധേയം സ്വതന്ത്രമായി രൂപപ്പെടുത്തുവാൻ കഴിയുന്ന സത്തയാണു് മനുഷ്യനെന്നു് മാർക്സ് മറന്നു. മാർക്സിന്നശേഷം മനുഷ്യനെപ്പററി ഒട്ടേറെ വിചിന്തനങ്ങൾ നടത്തിയ പ്രതിഭാശാലിയത്രേ, ഫ്രെഡറിക് നിഷേ (Nietzsche). അതിമാനുഷൻെറ (Superman) പ്രവാചകനായ നീഷേ മനുഷ്യസത്തയുടെ സവിശേഷതകളിലേക്കും മഹത്വത്തിലേക്കും ഉൾക്കാഴ്ചകൾ അധികമൊന്നും നല്കിയില്ല. "ദൈവ

www.malankaralibrary.com

ത്തിന്റെ മരണ"[1] ത്തെക്കുറിച്ച് ഭാഷ്യമെഴുതിയ നീഷേ മനുഷ്യനെ ഉയിർത്തെഴുന്നേല്പിക്കുന്നതിനു പകരം അവനെ നിരാശതയിലേക്കു തള്ളിവിട്ടു. നിരാശതയുടെ ആ അതിമാനുഷന്റെ നാന്ദിയും പ്രതീകവുമായിരുന്നു, അന്തിമനാളുകളിലെ 'കിറുക്കനായ' നീഷേ.

## സമകാലികചിന്തയിൽ

ലോകമഹായുദ്ധങ്ങൾക്കുശേഷം സമകാലികചിന്തയിൽ മനുഷ്യനേയും അവന്റെ സ്ഥൂലമായ ജീവിതത്തേയും ഉത്കണ്ഠയേയും സ്നേഹത്തേയും പ്രത്യാശയേയുമൊക്കെപ്പററി അവഗാഢം സമീക്ഷിക്കുന്നു, അസ്തിത്വവാദം. പക്ഷേ, അവരിൽ പലരും ചെന്നുപിടിച്ചതു് നിസ്വതന്ത്രനും മൂല്യമററവനുമായ മനുഷ്യനിലെന്ന് മുകളിലുദ്ധരിച്ചല്ലോ.[2] എന്നാലും, മനുഷ്യനെന്ന പ്രതിഭാസത്തിന്റെ ഉൾപ്പൊരുളിലേക്കു ചൂഴ്ന്നിറങ്ങുവാൻ ഈ ചിന്താസരണി ഒട്ടേറെ സഹായിച്ചു. പേഴ്സനലിസ്ററു ചിന്തകരായ (personalists) മൂനിയേ (Mounier), റൂഷ്മോൺട്ട് തുടങ്ങിയവർ 'പുരുഷനായ വ്യക്തി'യെക്കുറിച്ചു മികച്ച പഠനങ്ങൾ നടത്തി. അവന്റെ വിളിയേയും അവതീർണ്ണതയേയും ഐക്യത്തേയുംപററി മൂനിയേ വിശദമാക്കുന്നുണ്ട്. സർഗ്ഗാത്മകപ്രവർത്തനങ്ങളിലൂടെ ഉല്പ്രക്തരായി (Committed) വ്യക്തിത്വത്തെ വികസ്വരമാക്കുവാൻ അവർ ആഹ്വാനംചെയ്യുന്നു. പുരുഷനെപ്പററി നൂതനാഭിമുഖ്യങ്ങൾ വരച്ചുകാട്ടി, മാക്സ് ഷേലർ. അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടിൽ "ക്രിയകളുടെ സ്ഥൂലമായ ഐ

1 Thus Spake Zarathustra, in the Philosophy of Neitzsche (Modern Library, New york) p. 32, 49, 105

2. Cfr. F. Coplesten, Contemporary Philosophy ch.4.

www.malankaralibrary.com

കുമാണ് മനുഷ്യൻ".[1] ദാർശനികചിന്തമാത്രമല്ല മനുഷ്യനെപ്പററി ഇത്രമാത്രം ബഹുശ്രുതമായത്. കലയും സാഹിത്യവും മനോവിജ്ഞാനീയവും സാമൂഹികചിന്തയും മെഡിസനുമൊക്കെ വിവിധ കാഴ്ചപ്പാടുകളിലൂടെ മനുഷ്യനെ അപഗ്രഥിച്ചുപോരുന്നു. ഈ പുത്തൻവീക്ഷണങ്ങൾ ഉൾക്കൊണ്ടു സമഗ്രമായ ഹ്യൂമനിസത്തിനു രൂപരേഖ വരയ്ക്കുക ഇന്നിന്റെ ആവശ്യമത്രേ.

## സഭ ആധുനികലോകത്തിൽ

മനുഷ്യനെപ്പററിയുള്ള ആധുനികമനുഷ്യന്റെ വ്യതിരിക്തങ്ങളും വൈരുദ്ധ്യാത്മകങ്ങളുമായ അഭിപ്രായങ്ങൾ സമഗ്രം ഗ്രഹിച്ചിട്ടുണ്ടു സഭ.[2] അവയെക്കുറിച്ചു പ്രതിപാദിക്കുന്നതിനുമുമ്പ് ഇന്നിന്റെ മനുഷ്യന്റെ സങ്കീർണ്ണതരമായ പ്രതിഭാസങ്ങളും സ്വഭാവസവിശേഷതകളും വിവരിക്കുന്നു. സമ്പദ്സമൃദ്ധിയുടെ ഒത്തനടുവിലും മനുഷ്യൻ ദാരിദ്ര്യത്തിലും അജ്ഞതയിലും അരുകയാണു്. സ്വാതന്ത്ര്യത്തെക്കുറിച്ച് ഉത്കടമായ അവബോധമുണ്ടെങ്കിലും മാനസികമായ അടിമത്തത്തിന്റെ പുത്തൻപതിപ്പുകൾ അവനെ ചൂഴ്ന്നുനില്ക്കുന്നു. ഐക്യത്തെപ്പററിയും മാനവകുടുംബത്തെപ്പററിയും ഒട്ടേറെ പറഞ്ഞുവച്ച ഇന്നിന്റെ മനുഷ്യൻ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും വർഗ്ഗപരവുമായ സമരങ്ങളുടെ

---

1. ഷേലറിന്റെ "മാനവവിജ്ഞാനീയ"ത്തെപ്പററി ഒന്നാന്തരമൊരു പഠനം മാർട്ടിൻബ്യൂബറിന്റെ Between Man and Man (Collins: Fontana Library, London, 1961 pp. 220-248) എന്ന കൃതിയിലുണ്ട്.

2. സഭ ആധുനികയുഗത്തിൽ (Gaudium et Spes) No. 12. ഇനിയങ്ങോട്ട് G. S. എന്ന ചുരുക്കപ്പേരിലായിരിക്കും സഭ ആധുനികയുഗത്തിൽ എന്ന പ്രമാണരേഖയെ സൂചിപ്പിക്കുക.

www.malankaralibrary.com

മധ്യത്തിലത്രേ; അതോടൊപ്പം യുദ്ധത്തിന്റെ വിപത്തും അവനെ ഉത്കണ്ഠാകുലനാക്കുന്നുണ്ട്.[1] രൂക്ഷതരമായ ഇത്തരം പ്രശ്നങ്ങളുടെ പ്രപഞ്ചത്തിലത്രേ ആധുനികമനുഷ്യനിന്നു ജീവിക്കുക. പക്ഷേ, ഈ വൈരുദ്ധ്യങ്ങൾക്കും അസന്തുലിതാവസ്ഥകൾക്കുമിടയ്ക്ക് അനന്തതയിലേക്കുയരുവാനുള്ള അദമ്യമായ അഭിലാഷം മനുഷ്യനിൽ മുററിമുററി നില്ക്കുന്നുണ്ട്. തന്റെ വ്യക്തിത്വത്തിന്റെ സമഗ്രമായ വളർച്ചയ്ക്കുവേണ്ടി അക്ഷീണം യത്നിക്കുന്നു, അവൻ. മെച്ചപ്പെട്ടൊരു ലോകത്തിന്റെ പുതുപ്പിറവിയുടെ ശുഭപ്രതീക്ഷയിലത്രേ, എല്ലാവരും. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ സമത്വവും സുസ്ഥിതിയും കൈവരുവാൻ ജനപദങ്ങൾ ഒത്തൊരുമിച്ചു പ്രവർത്തിക്കുകയാണ്. മഹത്തായ ഭാവിയുടെ തിരപ്പുറപ്പാടും കാത്തക്ഷമനായി കഴിയുന്നു, ആധുനികമനുഷ്യൻ.

അതിനാൽ, ഇന്നിന്റെ മനുഷ്യന്റെ സങ്കടകരമായ പരിതോവസ്ഥയിൽ സഭ ഉത്കണ്ഠാകുലയാണ്. അവന്റെ പ്രശ്നങ്ങൾക്കു പരിഹാരമേകുവാനും സഭ അഭിലഷിക്കുന്നുണ്ട്. മനുഷ്യനെക്കുറിച്ചു വ്യക്തമായ അവബോധമുണ്ടായാലേ ഇവ പരിഹൃതമാകയുള്ളു. അതുപോലെ, അവന്റെ ലൈംഗികത, വിവാഹം, സംസ്കാരം, സാമൂഹിക–സാമ്പത്തികജീവിതം, അന്താരാഷ്ട്രബന്ധങ്ങൾ, ലോകസമാധാനം എന്നിവയെക്കുറിച്ചു സുചിന്തിതമായ നിഗമനങ്ങളുമഭിപ്രായങ്ങളുമോതണമെങ്കിൽ വ്യക്തിയുടെ മഹനീയതയെക്കുറിച്ച് അവശ്യം ഗ്രഹിച്ചിരിക്കേണ്ടതുണ്ട്. സാഹോദര്യത്തിലും സമത്വത്തിലും സ്വാതന്ത്ര്യത്തിലുമധിഷ്ഠിതമായ വിശ്വവീക്ഷണത്തിനു രൂപശില്പം കൊത്തിയുണ്ടാക്കുവാൻ മനുഷ്യനിലെ മനുഷ്യനെ പഠിച്ചിരിക്കണമല്ലോ.

---

1. Ibid. 4.

www.malankaralibrary.com

## മനുഷ്യനെന്ന പ്രതിഭാസം—കൗൺസിലിൽ

ഇക്കഴിഞ്ഞ വത്തിക്കാൻ സൂനഹദോസ് അത്തരമൊരു സമാരംഭത്തിനു തുനിഞ്ഞിട്ടുണ്ട്. ആധുനികഹ്യൂമനിസത്തി ലെ നൂതനാഭിമുഖ്യങ്ങളേയും സമകാലികദൈവവിജ്ഞാനീയത്തിലെ പുത്തുചലനങ്ങളേയും കൂട്ടിക്കൊരുക്കി മനുഷ്യനെക്കുറിച്ച് സമഗ്രമായ രൂപരേഖ കൗൺസിൽ വരച്ചുവച്ചിട്ടുണ്ട്. കൗൺസിലിലെ പ്രമാണരേഖകളിലുടനീളം മനുഷ്യനെ പുത്തൻകാഴ്ചപ്പാടിലത്രേ നോക്കിക്കാണുക. മതസ്വാതന്ത്ര്യം മനുഷ്യന്റെ മഹനീയതയിലാണ് അധിഷ്ഠിതമായിരിക്കുന്നത്. "നൂററാണ്ടുകളിലൂടെയുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ, മനുഷ്യവ്യക്തിയുടെ മഹത്വത്തിന്റെ ആവശ്യകതകളിലത്രേ മതസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം."[1] മനുഷ്യമഹനീയതയുടെ ഘടകങ്ങളായ ഈശ്വരാഭിമുഖ്യത്തേയും സ്വാതന്ത്ര്യത്തേയും ബുദ്ധിപ്രാഭവത്തേയും മനഃസാക്ഷിയേയുംകുറിച്ച് പ്രതിപാദിക്കുന്നുണ്ട്, മതസ്വാതന്ത്ര്യമെന്ന പ്രമാണരേഖയിൽ.[2]

സഭ ആധുനികയുഗത്തിലെന്ന കൗൺസിൽപ്രമാണരേഖയിൽ മനുഷ്യന്റെ മഹനീയതയെക്കുറിച്ച് സമഗ്രമായ പഠനം ചെയ്തിട്ടുണ്ട്. ആധുനികമനുഷ്യനേയും അവന്റെ പ്രശ്നങ്ങളേയും കുറിച്ച് സഭയ്ക്കുള്ള അവബോധവും ആശങ്കയും അതിൽ തെളിഞ്ഞുതെളിഞ്ഞു നില്ക്കുന്നതുകാണാം. ആധുനികലോകത്തിലെ മനുഷ്യന്റെ പരിതോവസ്ഥയെപ്പററിയുള്ള ഉപോദ്ഘാതത്തിനുശേഷം പ്രഥമാധ്യായത്തിൽ ത്തന്നെ മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.[3] ബൈബിളിലേ മനുഷ്യനെക്കുറിച്ചത്രേ ആദ്യം

1. മതസ്വാതന്ത്ര്യം No. 9.
2. Cfr. Ibid. 1-3, 11, 12.
3. G. S. Nos. 12-22.

www.malankaralibrary.com

പരാമർശിക്കുക. ദൈവികസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സൃഷ്ടിസാകല്യത്തിന്റെ മണിമകുടമത്രേ. പ്രപഞ്ചത്തിന്റെ കേന്ദ്രമായ മനുഷ്യൻ പാപംമൂലം അധഃപതിച്ചുവെങ്കിലും ദൈവസുതൻ അവതീർണ്ണനായി അവനെ പരിത്രാണം ചെയ്തു.[1] ആത്മശരീരങ്ങളോടുകൂടി അവിഭാജ്യനായ മനുഷ്യനാണ്, വരുംഖണ്ഡത്തിലെ പ്രതിപാദനം.[2] മനുഷ്യമഹനീയതയുടെ നിദർശനങ്ങളായ ബുദ്ധിപ്രാഭവം, മനസ്സാക്ഷിയുടെ സ്വരം, സ്വാതന്ത്ര്യത്തിന്റെ ഔന്നത്യം ഇവയെക്കുറിച്ച് തുടർന്ന് വിവരിക്കുന്നു.[3] മനുഷ്യന്റെ അന്ത്യവും ഭാവിയും അപഗ്രഥിച്ചശേഷം ദൈവവുമായ ആഭിമുഖ്യത്തെക്കുറിച്ചു സമീക്ഷിക്കുകയാണ്.[4] ഇവിടെ, ഇന്നത്തെ ലോകത്തിലെ ഈശ്വരനിഷേധത്തെപ്പററി കാര്യമായി സ്പർശിക്കുന്നുണ്ട്. ഈശ്വരനിഷേധത്തിന്റെ വിവിധരൂപങ്ങളേയും കാരണങ്ങളേയും നിരീശ്വരത്വത്തോടുള്ള സഭയുടെ സമീപനത്തേയുംകുറിച്ചു സമഗ്രമായി പ്രതിപാദിക്കുന്നുണ്ടിവിടെ.[5] ഈ പ്രതിഭാസം വളരെ പ്രാധാന്യമേറിയ ഒന്നാകയാൽ ഒരു പ്രത്യേകപഠനത്തിനുതന്നെ വിഷയമാകണം. അതുകൊണ്ട് ഈ ചെറുപുസ്തകത്തിൽ അതേപ്പററി ഒന്നും പറയുന്നില്ല. കൗൺസിൽ വരച്ചുകാട്ടുന്ന മനുഷ്യവ്യക്തിത്വത്തിന്റെ ചുവടുപിടിച്ചാവും, ഈ പേജുകൾ തയ്യാറാക്കുക. കൗൺസിലിന്റെ കാഴ്ചപ്പാടിൽ ദൈവശാസ്ത്രപരമായ മനുഷ്യവിജ്ഞാനീയത്തിലേക്ക് ഇതു വിരൽചൂണ്ടുമെന്നു കരുതുന്നു.

1. Ibid. No. 12, 13, 22.
2. Ibid. No. 14.
3. Ibid. 15-17.
4. 18-19.
5. 19-21

www.malankaralibrary.com

# ബൈബിളിലെ മനുഷ്യൻ

മനുഷ്യനെന്ന മഹാരഹസ്യത്തിന്റെ സ്വഭാവവും മഹനീയതയും സമീക്ഷിക്കുന്ന സഭ ആദ്യമായി തിരിയുന്നതു് ആവിഷ്കൃതസത്യങ്ങളിലേക്കത്രേ. സഭാപഠനങ്ങളുടെ പ്രഭവംതന്നെ ദൈവവചനം മാനുഷികവചനങ്ങളാൽ രൂപംകൊണ്ട വി. ഗ്രന്ഥമാണല്ലോ. അപ്പോൾ, മനുഷ്യന്റെ പ്രകൃതിയേയും മാഹാത്മ്യത്തേയും വികസ്വരതയേയുംപററി ബൈബിളിൽ പറഞ്ഞുവച്ചിരിക്കുന്നതു പ്രഥമത: സമുക്കായി പരിശോധിക്കുക സമീചീനമായിരിക്കും.

മനുഷ്യനെപ്പററി ക്രമവത്കൃതമായ പഠനങ്ങളൊന്നും വി. ഗ്രന്ഥത്തിൽ കണ്ടെത്താനാവില്ല. മനുഷ്യന്റെ മഹത്വത്താൽ അത്ഭുതസ്തബ്ധനായ സങ്കീർത്തകൻ ചോദിക്കുന്നുണ്ട്: "മനുഷ്യനെക്കുറിച്ചു ഇമ്മാത്രം ശ്രദ്ധാലുവാകുവാനും അവനെ സന്ദർശിക്കുവാനും അവനാരാണ്? ദൈവദൂതന്മാരേക്കാൾ അല്പം താഴ്ത്തി അവനെ മെനഞ്ഞെടുത്തു മഹനീയതയും ബഹുമാനവുംകൊണ്ട് അങ്ങവനെ മകുടമണിയിച്ചു; അങ്ങേ കൈവേലയുടെ അധിപനായി അവനെ നിയമിച്ചാക്കി; എല്ലാം അവന്റെ പാദങ്ങൾക്കു കീഴാക്കുകയും ചെയ്തു (സങ്കീ. 8, 4–6). ദൈവം മനുഷ്യനെപ്പററി ഉദ്വേഗപൂർവം അന്വേഷിക്കുന്നതിൽ ജോബ് വിസ്മയപ്പെടുന്നുണ്ട്.[1] സൃഷ്ടിയുടെ താഴികക്കുടമായ മനുഷ്യനെ പ്രപഞ്ചത്തിന്റെ കേന്ദ്രമായി വേദഗ്രന്ഥം കരുതുന്നു. "സാർവഭൗമിക വസ്തുക്കളേയും കീഴ്പ്പെടുത്തി ദൈവമഹത്വത്തിനായി ഉപയോഗിക്കുവാൻ സകല ചരാചരങ്ങളുടേയും നാഥനായി

1. Cfr. ജോബ് 7, 17–18.

www.malankaralibrary.com

മനുഷ്യനെ ദൈവം നിയമിച്ചിരിക്കുന്നുവെന്നു വി. ഗ്രന്ഥം[1] പഠിപ്പിക്കുന്നുണ്ട്."[2] ഈ കേന്ദ്രാശയം മനുഷ്യന്റെ അന്തഃസത്തയെ വെളിപ്പെടുത്താതിരിക്കില്ല.

പ്രപഞ്ചത്തിന്റെ മണിമകുടമായ ഈ മനുഷ്യന്റെ സൃഷ്ടിയെക്കുറിച്ച് ഉൽപത്തിപുസ്തകത്തിൽ വിവരിക്കുന്നു. അതിൽ ഉപയോഗിച്ച സാഹിത്യരൂപത്തിനു ചില സവിശേഷതകളൊക്കെയുണ്ട്. മധ്യപൂർവ്വേഷ്യയിലെ ഇതിഹാസം സാത്മീകരിച്ച്, ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തിന്റേയും ആ സ്നേഹത്തിനു മനുഷ്യന്റെ പ്രത്യുത്തരത്തിന്റേയും കഥ കാവ്യാത്മകമായി പ്രതീകങ്ങളെ കൂട്ടിക്കോർത്തു ഒട്ടൊന്നു വിവരിക്കുന്നു. നാടകീയമായ അവതരണത്തോടെയത്രേ സൃഷ്ടിയുടെ പുസ്തകമാരംഭിക്കുക. ദൈവം ലോകത്തേയും അതിലെ സമസ്തവസ്തുക്കളേയും സൃഷ്ടിക്കുന്നു. യാഹ്‌വിസ്റ്റ് പാരമ്പര്യത്തിൽ[3] പൊടിയിൽനിന്ന് അവനെ നിർമ്മിച്ചെന്നും അവന്റെ നാസാരന്ധ്രങ്ങളിൽ ജീവശ്വാസമൂതിയെന്നും വ്യക്തമാക്കുന്നു (cfr. ഉൽപ.2, 7).

---

1. ഉൽപ. 1, 26; വിജ്ഞാ. 2, 23.
2. G. S. 12.
3. ഉൽപത്തി പുസ്തകത്തിന്റെ ആദ്യത്തെ രണ്ടധ്യായങ്ങളിലായി മനുഷ്യസൃഷ്ടിയെക്കുറിക്കുന്ന രണ്ടു വിവിധവിവരണങ്ങളുണ്ട്; വിശദാംശങ്ങളിലേ വ്യത്യാസമുള്ളൂ. ആദ്യത്തേതിനെ യാഹ്‌വിസ്റ്റ് പാരമ്പര്യമെന്നും (J) രണ്ടാമത്തേതിനെ പൗരോഹിത്യപാരമ്പര്യം (P) എന്നും വിളിക്കുന്നു. കൂടാതെ, പഞ്ചഗ്രന്ഥിയിൽ എലോഹിം (E), ആവർത്തനം (D) എന്നീ സ്രോതസ്സുകളും കൂടിയുണ്ട്. സാമൂഹികമായ പരിതഃസ്ഥിതികാനുസൃതം രൂപം പൂണ്ടവയാണവ. J വിവരണം മരുപ്രദേശജീവിതപശ്ചാത്തലത്തിലുള്ളതത്രേ. ബി. സി. പത്താംനൂറ്റാണ്ടോടുകൂടി അതു വിരചിതമായെന്നു കരുതുന്നു. P വിവരണം ബി. സി. ആറാംനൂറ്റാണ്ടിൽ ബാബിലോണിയൻ അടിമത്തകാലത്താ രചിക്കപ്പെട്ടു.

www.malankaralibrary.com

അവനുവേണ്ടിയത്രേ സകലതും സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും (cfr. ibid.). പൗരോഹിത്യപാരമ്പര്യത്തിൽ സൃഷ്ടിയുടെ വിവരണം വേറൊരു കാഴ്ചപ്പാടിലാണ് ആവിഷ്കൃതമാകുക. പ്രപഞ്ചസൃഷ്ടിയുടെ അന്ത്യത്തിൽ അവനെ മെനഞ്ഞെടുത്തു. എല്ലാ സൃഷ്ടികളുടേയും അധിപനായി അവനെ ആക്കി (ഉൽപ. 1, 26; വിജ്ഞാ. 21, 23). സകല വസ്തുകളും അവന്റെ പാദങ്ങൾക്കു കീഴായി.

## ദൈവത്തിന്റെ സാദൃശ്യത്തിൽ

മനുഷ്യനെന്ന മഹാത്ഭുതത്തെ ദൈവം സൃഷ്ടിച്ചതു തന്റെ സാദൃശ്യത്തിലത്രേ: "നമുക്കു മനുഷ്യനെ നമ്മുടെ സാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കാം" (ഉൽപ. 1: 26). സാദൃശ്യവും ഛായയുംകൊണ്ടിവിടെ വിവക്ഷിക്കുന്നതു ദൈവത്തിന്റെ ലോകത്തിലെ സാദൃശ്യമാണ് മനുഷ്യനെന്നത്രേ; യാഹ്‌വേയുടെ സാദൃശ്യത്തിൽ അവനെ രൂപപ്പെടുത്തിയിരിക്കുന്നു. ദൈവികസാദൃശ്യം മനുഷ്യന്റെ ആത്മീയതയിലോ ഭൗതികതയിലോ എന്നു കട്ടായം പറയുക വയ്യാ. ബൈബിൾ പണ്ഡിതർ ഭിന്നാഭിപ്രായക്കാരാണ്. പൗരോഹിത്യപാരമ്പര്യത്തിൽ (P) മനുഷ്യന്റെ ദൈവികസാദൃശ്യം അവന്റെ ഭൗതികതയിലെന്നു വ്യക്തമാകും. സെത്തിന്റെ വംശാവലി പറയുമ്പോൾ (ഉൽപ. 5. 3) ആദത്തിന്റെ ഛായയിലും സാദൃശ്യത്തിലും സെത്തു ജനിച്ചുവെന്നു പറയുന്നു. ഈ ആദത്തെ ദൈവം സൃഷ്ടിച്ചതു തന്റെ ഛായയിലത്രേ (ഉൽപ. 5, 1). ഉൽപത്തിപുസ്തകത്തിൽ ഒമ്പതാമധ്യായത്തിൽ (9, 6) വധത്തെ നിരോധിച്ചിരിക്കുന്നതു മനുഷ്യന്റെ ദൈവികസാദൃശ്യത്തിലത്രേ. മനുഷ്യശരീരത്തെ വധിക്കുന്നതു ദൈവത്തോടുള്ള ബഹുമാനക്കുറവാണ്. ഈ രണ്ടു വസ്തുതകൾ മനുഷ്യന്റെ ദൈവികഛായ ഭൗതികതയിലെന്നു കാണിക്കുന്നു

www.malankaralibrary.com

ണ്ടു്.[1] പക്ഷേ, ബൈബിളിലുടനീളം മനുഷ്യനെക്കാണുന്നതു് അവൻെറ സമഗ്രതയിലത്രേ; ആത്മാവും ശരീരവും ഒന്നിച്ചുചേരുന്ന വ്യക്തിയായിട്ടാണു്. യവനചിന്തയിലേപ്പോലെ മനുഷ്യനെ ആത്മാവും ശരീരവുമായി അപഗ്രഥിക്കുന്ന പ്രവണത ഹീബ്രുജനതക്കില്ലായിരുന്നു. അപ്പോൾ മനുഷ്യൻ, സ്ഥിതിചെയ്യുന്ന ശരീരത്തോടുകൂടെ ദൈവത്തിൻെറ സാദൃശ്യത്തിലെന്നാണു് സമകാലികദൈവശാസ്ത്രജ്ഞന്മാർ പറയുക.[2] അരൂപിയും ഭൗതികതയും തമ്മിൽ ദ്വന്ദ്വാത്മകത സ്പർശനവിധേയമാകുന്നില്ല, ബൈബിളിൽ.

എങ്ങിനെയാണു മനുഷ്യനിൽ ദൈവികസാദൃശ്യം ഉണ്ടാക്കിയെന്നോ എന്തിലാണടങ്ങിയിരിക്കുന്നതെന്നോ വി. ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നില്ല. പ്രത്യുത, ദൈവികസാദൃശ്യമുള്ള മനുഷ്യൻ തൻെറ പ്രകൃതിക്കൊപ്രകാരം ഉത്തരം നല്കണമെന്നു സൂചിപ്പിക്കുന്നുണ്ടു്. ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യനെ ലോകത്തിൻെറ അധിപനാക്കി. "സമുദ്രത്തിലേ മത്സ്യങ്ങളുടേയും വായുവിലെ പക്ഷികളുടേയും കന്നുകാലികളുടേയും സമസ്തവന്യമൃഗങ്ങളുടേയും ഭൂമിയിലിഴയുന്ന എല്ലാ ജന്തുക്കളുടേയുംമേൽ അവനു് ആധിപത്യമുണ്ടായിരിക്കട്ടെ" (ഉൽപ. 1, 26; 1, 28; 9: 2). അങ്ങനെ മനുഷ്യനു മഹനീയത കൈവരുന്നതു് അവൻെറ ദൈവികസാദൃശ്യത്തിൽനിന്നത്രേ. ഈ സാദൃശ്യം വഴി അവനിൽ ബുദ്ധിയും ഇച്ഛാശക്തിയും പ്രവർത്തിക്കും. പ്രാപഞ്ചികപ്രതിഭാസങ്ങളെ അതിഗമിക്കാനുള്ള സിദ്ധിയും

---

1. Cfr. G. KITTEL, *Theological Dictionary of the New Testament*, vol. II, p. 390-92.

2. R. Schnakenburg, Man before God, (ed. at the Canisuim, Innsbruck, New York, P. J. Kennedy & Sons). p. 5ff.



www.malankaralibrary.com

സാധനയും അവയിലൂടെ അവന്നു ലഭിക്കുന്നു. മനുഷ്യൻവഴി മാത്രമേ പ്രപഞ്ചസാകല്യത്തിനു പുതിയൊരർത്ഥവും മൂല്യവും കൈവരു. അതുകൊണ്ടാവാം, മനുഷ്യനെ സൂക്ഷ്മപ്രപഞ്ചമെന്നു പുരാതനചിന്തയിൽ പറഞ്ഞിട്ടുള്ളത്. മനുഷ്യനെ മനുഷ്യനാക്കുന്നതും ഈ ദൈവികസാദൃശ്യമത്രേ. ആകാശനീലിമയുടെ അപാരതയും ആഴിയുടെ അഗാധതയും ഗിരിശൃംഗങ്ങളുടെ ഔന്നത്യവും നക്ഷത്രങ്ങളുടെ ജ്വാജ്വല്യമാനതയും മനുഷ്യനെന്ന പ്രതിഭാസത്തിന്റെ മുമ്പിൽ നിഷ്പ്രഭമാണ്."

## ദൈവവുമായ ആഭിമുഖ്യം

ദൈവത്തിന്റെ മുമ്പിൽ നിലകൊള്ളുന്ന സൃഷ്ടിയായതുകൊണ്ടു മനുഷ്യന്റെ മഹനീയതയും ശ്രേഷ്ഠതയും കൂടുതൽ വ്യക്തമാകുന്നു. മനുഷ്യൻ പൂർണ്ണിമയിലെത്തുന്നതു ദൈവികജീവനിലെ ഭാഗഭാഗിത്വംകൊണ്ടത്രേ. പഴയ ഉടമ്പടിയിൽ ദൈവത്തിന്റെ മനുഷ്യരോടുള്ള ബന്ധവും മനുഷ്യന്റെ പ്രത്യുത്തരവും സുതരാം വ്യക്തമായിരുന്നു. ദൈവവും മനുഷ്യനും തമ്മിൽ വൈയക്തികമായ ബന്ധം തിരഞ്ഞെടുക്കപ്പെട്ട ജനം പുലർത്തിപ്പോന്നു. ദൈവത്തെ പരമമായ "നീ"യായി കാണുവാൻ ഇസ്രായേൽക്കാർക്കു സാധിച്ചു. ദൈവവുമായി ഒന്നിക്കുവാനുള്ള ആഹ്വാനം മനുഷ്യനുണ്ട്. പഴയ ഉടമ്പടിയിൽ ദൈവവുമായുള്ള ആ അടുത്ത ആഭിമുഖ്യം വിശുദ്ധിയിലേക്കുള്ള മനുഷ്യന്റെ ദൈവികക്ഷണത്തിൽനിന്നു വ്യക്തമാകും. ദൈവം അബ്രാഹത്തോടു പറഞ്ഞു: 'ഞാൻ അനന്തശക്തനായ ദൈവമാകുന്നു. എന്റെ മുമ്പിൽ നടന്നു വിശുദ്ധനാകുക' (ഉൽപ. 17, 1). "ദൈവത്തിന്റെ മുമ്പിൽ നടന്നു" വിശുദ്ധിപ്രാപിക്കുവാൻ ബൈ

www.malankaralibrary.com

ഖിളിലുടനീളം ഉപദേശിച്ചിട്ടുണ്ട്.[1] ദൈവത്തിന്റെ പ്രസാദവും സംരക്ഷണയും അനുഗ്രഹവും ലഭിക്കണമോ അവശ്യം വിശുദ്ധിയുള്ളവനായി ചരിക്കണം. മനുഷ്യനിൽ ദൈവം സൃഷ്ടിച്ച തന്റെ സാദൃശ്യം വികസ്വരമാകുന്നതിനത്രേ അവിടുന്നഭിലഷിക്കുക. "എന്നെപ്പോലെ വിശുദ്ധരാകുവാൻ" (ലെവ. 19, 2; 11, 44; 20, 26) പുരോഹിതരോടും ദൈവം കല്പിച്ചിട്ടുണ്ട്. താൻ തിരഞ്ഞെടുത്ത ദൈവജനത്തിൽനിന്നു വിശുദ്ധി ആവശ്യപ്പെടുന്ന അസൂയാലുവായ ദൈവമത്രേ യാഹ്‌വേ (യോവേ 24, 19). ദൈവജനത്തെ വിശുദ്ധിയിലേക്കു വിളിച്ചിരിക്കുന്നതിനാൽ യാഹ്‌വേയുമായി വാഗ്ദാനത്തിന്റെ ഉടമ്പടിയിൽ അകററാനാവാത്ത ബന്ധം പുലർത്തിപ്പോന്നു, ഇസ്രായേൽക്കാർ. ഈ സാമൂഹിക വിശുദ്ധി വൈയക്തികനവീകരണം ആവശ്യപ്പെടുന്നുണ്ട്. തങ്ങളുടെ പുണ്യപൂർണ്ണതയാൽ നീതിമാന്മാരെ വിശുദ്ധരെന്നു വിളിച്ചിരുന്നു, പഴയ ഉടമ്പടിയിൽ (സങ്കീ. 15, 3; 33; ആവർത്തനം 7: 18, 27). പുതിയ ഉടമ്പടിയിൽ പഴയ ഉടമ്പടിയിലെ ധാരണ വികസ്വരമാക്കി. ദൈവമാണു മനുഷ്യന്റെ ആത്യന്തികലക്ഷ്യം. ആ ലക്ഷ്യത്തിനെതിരായി മനുഷ്യനിലെ മനുഷ്യനു ചെയ്യാവതല്ല.

സെന്റ് പോൾ തന്റെ ലേഖനങ്ങളിൽ മനുഷ്യനെപ്പററി പ്പറയുന്നുണ്ട്. അധഃപതിച്ച പഴയ മനുഷ്യന്റെ സ്ഥാനത്തു ജ്ഞാനസ്നാനത്താൽ പുതുജീവൻ ലഭിച്ച പുതിയ മനുഷ്യനെ പ്രതിഷ്ഠിച്ചു. പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ അവനം ദൈവികജീവനോടെ ഉത്ഥിതനാകുന്നു. പാപത്തിനു പ്രേരിപ്പിക്കുന്ന ബാഹ്യമനുഷ്യനെ ഉപേക്ഷിച്ചു വിശുദ്ധിയിലേക്കു നയിക്കുന്ന ആന്തരികമനുഷ്യനെ ധരിക്കുവാൻ പോൾ ആ

1. Cfr. ഉൽപ 17, 1; 24, 40; 48, 15; 1 രാജാ. 2, 35; 4 രാജാ. 20, 3; ഓസി. 38, 3; ലെവാ. 2, 6; സങ്കീ. 56, 14.

www.malankaralibrary.com

ഭിലഷിച്ചിരുന്നു. ബാഹ്യമനുഷ്യനും ആന്തരികമനുഷ്യനും തമ്മിൽ സംഘർഷമുണ്ടാകും. അതിൽ വിജിഗീഷുവാകുന്നതു് വിശുദ്ധിയിലും നീതിയിലും ജീവിക്കും (2 കോറ. 4, 16; റോമ. 7, 22: എഫേ. 3, 16) ആദ്യമനുഷ്യൻ പാപംമൂലം അധ:പതിച്ചതെങ്കിൽ രണ്ടാമത്തെ ആദമായ ക്രിസ്തു തൻെറ ജീവിതവും മരണവുംവഴി മാനവകുലത്തെ പാപത്തിൻെറ ദാസ്യത്തിൽനിന്നു വിമുക്തമാക്കി. തന്നെ സ്വീകരിക്കുന്നവർക്ക് നീതിയും വിശുദ്ധിയും മഹത്വവും പ്രദാനംചെയ്യും 1 കോറ. 15, 45, 47; റോമ 5, 12, 18; 8, 1-39). ജ്ഞാനസ്നാനത്താൽ സ്വീകരിച്ച ദൈവികജീവൻകൊണ്ടു് പുതിയ സമൂഹത്തിനു രൂപംകൊടുക്കുവാൻ പോറം പ്രേരിതനായി. അങ്ങനെ സെൻറു്പോളിൻെറ ദൈവവിജ്ഞാനീയത്തിലും മനുഷ്യനേയും അവൻെറ ആനന്ദത്തേയും അന്ത്യത്തേയും മഹനീയതയേയുംപററി പ്രതിപാദിക്കുന്നുണ്ടു്.

## അധ:പതിച്ച മനുഷ്യൻ

ദൈവത്തിൻെറ സാദൃശ്യത്തിൽ ഉരുവാക്കപ്പെട്ട മനുഷ്യൻ ദൈവവുമായി അഭേദ്യമായ ആഭിമുഖ്യത്തിലായിരുന്നു. പ്രകൃത്യതീതദാനങ്ങൾവഴി അവൻ പരിശുദ്ധമായ അവസ്ഥയിൽ ജീവിച്ചുപോന്നു. പക്ഷേ, "ദൈവത്തേപ്പോലെ ആകുവാനുള്ള അവൻെറ അഭിലാഷം" അവനെ അധ:പതിപ്പിച്ചു. അതോടേ ദൈവവുമായുള്ള ബന്ധവും വിടത്തപ്പെട്ടു. ഉൽപ്പത്തിഗ്രന്ഥത്തിൽ മനുഷ്യൻെറ കൃതഘ്നതയുടെ ഈ കഥ നാടകീയശൈലിയിൽ അവിഷ്കരിച്ചിട്ടുണ്ടു്. ആദ്യപാപം അതിൻെറ ഫലങ്ങൾ അനന്തരതലമുറകളിലേക്കും വ്യാപിപ്പിച്ചു: "ഒരുവൻവഴി പാപം ലോകത്തിൽ പ്രവേശിച്ചു; പാപംവഴി മരണവും....അങ്ങനെ മരണം എല്ലാവരിലേക്കും പ്രസ

www.malankaralibrary.com

രിക്കുന്നു. എന്തെന്നാൽ ആദംവഴി എല്ലാവരും പാപംചെയ്തു (റോമ. 5, 12) കൂടാതെ ലോകത്തിലുള്ള താളവും ക്രമവും തെററി. അപ്പോൾ മനുഷ്യനും അവൻവഴി പ്രപഞ്ചവും ആത്യന്തിക ലക്ഷ്യത്തിലെത്തുവാൻ പാപം വിഘാതമായിത്തീന്നു. പഴയ ഉടമ്പടിയിലുടനീളം മനുഷ്യന്റെ നന്ദികേടിന്റെ തനിനിറം വെളിവാക്കിയിട്ടുണ്ടു്.

ആധുനികമനുഷ്യനഭിമുഖീഭവിക്കുന്ന സംഘർഷങ്ങൾക്കും സംഘട്ടനങ്ങൾക്കും പ്രധാനഹേതു ആദ്യപാപം മനുഷ്യപ്രകൃതിയിൽ സൃഷ്ടിച്ച പാപത്തിലേക്കുള്ള പ്രേരണയത്രേ. ഈ പ്രവണത ജ്ഞാനസ്നാനത്തിനുശേഷവും അവനിലുണ്ടു്. മനുഷ്യനിലെ സംഘട്ടനത്തെക്കുറിച്ചു തികച്ചും അവബോധയാണു്, കൗൺസിൽ: "വ്യക്തിഗതമോ സാമൂഹ്യമോ ആയ സാമൂഹികജീവിതമാകെ നന്മയും തിന്മയും ഇരുളും വെളിച്ചവും തമ്മിലുള്ള നാടകീയസംഘട്ടനരംഗമായിത്തീരുന്നു."[1] വ്യക്തികളും വ്യക്തികളും തമ്മിലും, രാഷ്ട്രവും രാഷ്ട്രവും തമ്മിലും ഈ സംഘട്ടനം അനുസ്യൂതം തുടരുകയത്രേ. ലോകസമാധാനമിന്നും ആകാശകുസുമം മാത്രം.

പാപത്തിനുള്ള പ്രേരണകളും പാപസാഹചര്യങ്ങളും ഇമ്മാത്രം ശക്തമാണു്, ആധുനികയുഗത്തിൽ. പക്ഷേ, പാപബോധം ഇന്നിന്റെ മനുഷ്യനില്ല: "വിജയപ്രദമായി സ്വയം സമരംചെയ്യുവാൻ കെല്പ്പുററവനെന്നു് അവനു മനസ്സിലാകുന്നില്ല".[2] പക്ഷേ, പാപത്തെ കീഴടക്കി വിജിഗീഷുവായ ക്രിസ്തുവിന്റെ പ്രസാദവരം അവനെ സഹായിക്കാതിരിക്കില്ല. മനുഷ്യവ്യക്തിത്വത്തിന്റെ സമഗ്രമായ വികസനത്തെ പാപം തടയുന്നുവെങ്കിലും ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ ഫലം അവനെ സമ്പന്നനാക്കും.

---

1. G. S. 13.
2. Ibid. 13, ii.

www.malankaralibrary.com

പാപത്തേപ്പോലെ മനുഷ്യനനുഭവപ്പെടുന്ന പ്രതിഭാസമാണു വേദന. പാപത്തിൻെറ ഫലമായി വേദനയെ, കണ്ണീരിനെ കണക്കാക്കാൻ പാടില്ലെന്നു ക്രിസ്തുതന്നെ വ്യക്തമാക്കിയിട്ടുണ്ടു്. വേദനയുടെ ആത്യന്തികമായ അർത്ഥം നല്കുവാൻ ഒരു ചിന്തകനും ഇതുവരെ സാധിച്ചിട്ടില്ല, കാൽവരിയിലെ ക്രിസ്തുവൊഴിച്ചു്. അപ്പോഠം മനുഷ്യൻെറ ഉന്നതമായ ആഹ്വാനത്തിനും അവനനുഭവപ്പെടുന്ന സങ്കീർണ്ണതരങ്ങളായ ദുരിതങ്ങഠംക്കും ആത്യന്തികവും ഏകകാലികവുമായ വിശദീകരണം ഈശ്വരാവിഷ്കരണത്തിലേ കണ്ടു.[1] മാംസമെടുത്ത ദൈവവചനം തൻെറ പെസഹാരഹസ്യംവഴി വേദനയ്ക്കു പുത്തനൊരർത്ഥവും മൂല്യവും നല്കി. അവിടുത്തെ അനുഗാമികളോടും അവിടുന്നാവശ്യപ്പെടുക ത്യാഗത്തിൻെറ ജീവിതംതന്നെ (Cfr. മത്ത. 10, 38; മർക്കോ. 8, 34; ലൂക്കാ 9. 34).

## ക്രിസ്തു—"പരിപൂർണ്ണമനുഷ്യൻ"

അധഃപതിച്ച മാനുഷ്യകത്തെ പരിത്രാണനം ചെയ്യുവാൻ അനന്തസ്നേഹമായ ദൈവം രക്ഷകനെ വാഗ്ദാനം ചെയ്തു. രക്ഷകൻ വന്നുപിറക്കുന്നതിനു് ഇസ്രായേൽജനത്തെ ഒരുക്കി. പിതാക്കന്മാർവഴിയും പ്രവാചകന്മാർവഴിയും വരുവാനിരിക്കുന്ന മിശിഹായെപ്പററി വെളിപ്പെടുത്തി. "സമയത്തിൻെറ പരിസമാപ്തിയിൽ" (ഗലേ. 4, 4; എഫേ. 1, 10) ദൈവവചനം മാംസമെടുത്തു ലോകചരിത്രത്തിൽ അവതീർണ്ണനായി (cfr. യോഹ. 1, 14). ദൈവസ്നേഹോദ്ഭിന്നമായ രക്ഷയുടെ പ്രതീകവും യാഥാർത്ഥ്യവും വാഗ്ദാനം നിറവേററലും രക്ഷാകരപദ്ധതിയുടെ കേന്ദ്രവും ക്രിസ്തുവാ

[1] G. S. 13

www.malankaralibrary.com

ണ്ട്. അവിടുന്നു നമ്മുടെ ചരിത്രത്തിൽ ദൈവത്തിൻെറ അസ്തിത്വാത്മകമായ പ്രകാശനമത്രേ (റാനർ, മൂറു). അവതീർണ്ണനായ വചനത്തിൻെറ രഹസ്യത്തിൽമാത്രമേ മനുഷ്യരഹസ്യത്തിനു പ്രകാശിതമാകുവാൻ സാധിക്കൂ.[1]

മനുഷ്യൻെറ വ്യക്തിത്വത്തിനു മിഴിവും മൂല്യവും മഹനീയതയും നല്കി ദൈവത്തിൻെറ മനുഷ്യാവതാരം. അദൃശ്യദൈവത്തിൻെറ പ്രതീക (കൊളേ. 1, 15; cfr. 2 കോറ. 4, 4) മായ ക്രിസ്തു പരിപൂർണ്ണമനുഷ്യനാണ്.[2] പാപത്തിൻെറ കരിനിഴലിൽനിന്നു വിമുക്തനാക്കി മനുഷ്യനു ശുഭപ്രതീക്ഷയുടെ കതിരൊളി കൊടുത്തതു ദൈവസുതനത്രേ. നാം ദൈവത്തെ മാത്രമല്ല നമ്മെത്തന്നേയും വ്യക്തമായി ഗ്രഹിക്കുന്നതു ക്രിസ്തുവിലൂടെ മാത്രമെന്നു പാസ്കൽ പറഞ്ഞുവച്ചിട്ടുണ്ട്.[3] മനുഷ്യാവതാരം മനുഷ്യനിലെ മനുഷ്യനെ സമുദ്ധരിച്ചു മനുഷ്യജീവിതത്തിനു സാൎത്ഥകതയും പ്രസക്തിയും പ്രദാനം ചെയ്തു.

മനുഷ്യാവതാരത്തിലൂടെ ദൈവികസ്വഭാവം മനുഷ്യപ്രകൃതിയുമായി താദാത്മ്യപ്പെടുന്നു. മനുഷ്യപ്രകൃതിയെ അതിൻെറ എല്ലാ സിദ്ധികളോടും സവിശേഷതകളോടുംകൂടി ക്രിസ്തു തന്നിലേക്കു സ്വീകരിച്ചു. അതേകാരണത്താൽ മനുഷ്യസ്വഭാവം ദൈവികമഹത്വത്തിലേക്ക് ഉയൎത്തപ്പെട്ടിരിക്കുകയാണ്. "മനുഷ്യാവതാരത്തിൽ ക്രിസ്തു മാനുഷ്യകത്തോട് ഐക്യംപ്രാപിക്കുന്നു. അവിടുന്നു മാനുഷികകരങ്ങൾകൊണ്ടു പണിയെടുക്കുകയും മാനുഷികബുദ്ധികൊണ്ടു ചിന്തിക്കുകയും മാനുഷികമനസ്സുകൊണ്ടു പ്രവൎത്തിക്കുകയും

1. G. S. 22.

2. Ibid.

3. Quoted in R. Le Trocquer, What is Man (London, Burns and Oates) 95.

www.malankaralibrary.com

മാനുഷികഹൃദയംകൊണ്ടു സ്നേഹിക്കുകയും ചെയ്തു. 'കന്യകാമറിയത്തിൽനിന്നു ജനിച്ച് അവിടുന്നു യഥാർത്ഥത്തിൽ നമ്മിലൊരുവനെപ്പോലെ ആയി; പാപമൊഴിച്ച് എല്ലാററിലും നമ്മെപ്പോലെയായി (എബ്രാ. 4. 15)'.[1] സ്ത്രീയിൽനിന്നു ജനിച്ചു മാനുഷികനിയമത്തിനു അവിടുന്ന് കീഴിലായി (ഗലാ. 4, 4). എന്നാൽ, ക്രിസ്തുവിൻെറ മനുഷ്യപ്രകൃതിയിൽ ദൈവികതയുടെ പൂർണ്ണിമ നിഴലിച്ചു (യോഹ. 1, 14). ദൈവത്തിൻെറ മൗലികകൂദാശ (ഷിലബെക്സ്) യായ ക്രിസ്തു പരിത്രാണം ചെയ്യപ്പെട്ട മനുഷ്യൻെറ നാന്ദിയും പ്രതീകവുമാകുമായിരുന്നു.

അവിടുത്തെ ജീവിതവും ചെയ്തികളും അത്ഭുതങ്ങളും പ്രത്യേകിച്ചു പെസഹാരഹസ്യവും—പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും—വഴി മനുഷ്യവർഗ്ഗത്തെ പരിത്രാണം ചെയ്തു. സ്വന്തരക്തത്തിൻെറ സ്വതന്ത്രമായ ചിന്തൽവഴി നമുക്കു ദൈവികജീവൻ സമ്പാദിച്ചുതന്നു. പിശാചിൻേറയും പാപത്തിൻേറയും ദാസ്യത്തിൽനിന്നു നമ്മെ വിമുക്തരാക്കി. മനുഷ്യസുതൻ മനുഷ്യരെ സ്നേഹിച്ചു. അവക്കുവേണ്ടി സ്വയം അർപ്പിച്ചു (cfr. ഗലാ. 2, 20). ക്രിസ്തുവിൻെറ ഈ പെസഹാരഹസ്യം മാനുഷികജീവിതത്തിനും മരണത്തിനും പുതിയൊരർത്ഥവും മൂല്യവും കൊടുക്കുകയും ചെയ്തു.[2] "പെസഹാരഹസ്യത്തോടു യോജിച്ചും ക്രിസ്തുവിൻെറ മരണത്തോടു താദാത്മ്യംപ്രാപിച്ചും പ്രതീക്ഷയിൽനിന്നു നിർഗ്ഗളിക്കുന്ന ശക്തിചൈതന്യത്തിൽ മനുഷ്യൻ ഉത്ഥാനത്തിലേക്കു കുതികൊള്ളും."[3] ക്രിസ്തു മരിച്ചതു് എല്ലാവക്കും വേണ്ടിയാണല്ലോ. അവിടുത്തെ രക്ഷാകരകർമ്മത്തിൻെറ ഫലങ്ങൾ പ്ര

1. G. S. 22, ii.
2. Ibid. 22, iii.
3. Ibid. 22, iv.

www.malankaralibrary.com

സാദവരത്തിലൂടെ സന്മനസ്സുള്ള എല്ലാ മനുഷ്യക്കും ലഭിക്കും. അപ്പോഠം, മനുഷ്യന്റെ ആത്യന്തികമായ ആഹ്വാനം ഏകവും ദിവ്യവുമത്രേ. അങ്ങനെ ക്രിസ്തു പരിത്രാണംചെയ്ത ഓരോ മനുഷ്യന്റേയും മഹനീയത അനന്തമാണു്.

ക്രിസ്തുവിന്റെ മനുഷ്യാവതാരവും പെസഹാരഹസ്യവും മാനുഷ്യകത്തെ ക്രിസ്തുവിൽ ഒന്നിപ്പിച്ചു. ക്രിസ്തുവിലൂടെ ദൈവവുമായി അടുത്താഭിമുഖ്യം പുലർത്തുവാൻ സാധിക്കുന്നു. ക്രിസ്തുവിൽ ദൈവം നമ്മോടുതന്നെയും തമ്മിൽ തമ്മിലും നമ്മെ രമ്യതപ്പെടുത്തി (cfr.2 കോറ. 5, 18-19; കോളോ. 1, 20-22). സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ അനുരഞ്ജകമായി. അതുകൊണ്ടായിരിക്കും സെൻറഗസ്റ്റിൻ ആദത്തിന്റെ അധഃപതനത്തെപ്പററി പറഞ്ഞതു്, മനുഷ്യക്ക പരിത്രാണകനെ സമ്പാദിച്ച ഭാഗ്യപൂണ്ണമായ അപരാധമേ എന്നു്. ക്രിസ്തുവിന്റെ പ്രസാദവരം നമുക്കു ദൈവികജീവൻ പ്രദാനം ചെയ്യുന്നു; നാം ദൈവത്തിന്റെ ദത്തുപുത്രരും സ്വൎഗ്ഗത്തിന്നവകാശികളും ആയിബ്ഭവിക്കുന്നു. ക്രിസ്തു നമ്മുടെ അസ്തിത്വത്തിന്റെ അഗാധതലങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞു. അതുകൊണ്ടത്രേ സെൻറ് പോഠം പറഞ്ഞതു്: "ഇനി ഞാനല്ല ജീവിക്കുന്നതു്; മിശിഹാ എന്നിൽ ജീവിക്കുന്നു" (ഗലാ. 2, 20). ക്രിസ്തുവിന്റെ രഹസ്യം പുതിയ മനുഷ്യന്റെ രഹസ്യമെന്നു പറയാം. ക്രിസ്തു പരിപൂർണ്ണമനുഷ്യനായതുപോലെ ക്രിസ്തുവിൽ നമ്മുടെ വ്യക്തിത്വവും പൂർണ്ണമായി വികസ്വരമാകേണ്ടതുണ്ടു് (cfr. എഫേ. 4, 13).

മനുഷ്യാവതാരം മനുഷ്യർക്കുമാത്രമല്ല മൂല്യവും സാർത്ഥകതയും നല്കിയതു്. ലോകത്തേയും ചരിത്രത്തേയും ഭൗതികയാഥാർത്ഥ്യങ്ങളേയും തന്നിലേക്കു സ്വാംശീകരിച്ചു

www.malankaralibrary.com

സമുദ്ധരിച്ചു. ഉത്ഥിതനായ ക്രിസ്തു പ്രപഞ്ചത്തിന്റെ അധിനാഥനുംകൂടിയത്രേ. മാനവചരിത്രത്തിന്റെ താക്കോലും കേന്ദ്രബിന്ദുവും ആത്യന്തികലക്ഷ്യവും ക്രിസ്തുതന്നെ.[1] പ്രാപഞ്ചികസാകല്യത്തിന്റെ ശിരസ്സായ ക്രിസ്തു ചരിത്രത്തിലൂടെ എല്ലാം തന്നിൽ സമാഹരിക്കും. മനുഷ്യാവതാരത്തിന്റെ ലക്ഷ്യം എല്ലാം ക്രിസ്തുവിൽ പുനഃസമാഹരിക്കുകയത്രേ: "ക്രിസ്തുവിൽ സകലതും പുനഃപ്രതിഷ്ഠിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു" (എഫേ. 1, 9-12). ക്രിസ്തു സംഭവത്തിനുശേഷം തന്റെ ദ്വിതീയാഗമനവും പ്രതീക്ഷിച്ചു ലോകവും ചരിത്രവും ഭൗതികയാഥാർത്ഥ്യങ്ങളും മനുഷ്യനിലൂടെ ക്രിസ്തോന്മുഖമാകുന്നു. അവിടുത്തെ പൂർണ്ണിമ (എഫേ. 4, 12-13) യിൽ ഭാഗഭാക്കാകുവാനും അന്ത്യാത്മകതയിലെ "പുതിയ ആകാശവും പുതിയ ഭൂമിയും" (വെളി. 21, 1-4; cfr. 2 കോറ. 5, 2; 2 പത്രോ. 3, 23) സമാരംഭിക്കുന്നതിനും പ്രപഞ്ചസാകല്യം ഉദ്വേഗപൂർവ്വം കാത്തിരിക്കുകയത്രേ (റോമ. 8, 9-22).

## മനുഷ്യൻ—അവന്റെ സമഗ്രതയിൽ

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും ഉരുവാക്കപ്പെട്ട മനുഷ്യനെ ബൈബിളിന്റെ കാഴ്ചപ്പാടിൽ നോക്കിക്കാണുകയായിരുന്നു ഇതുവരെ. ഇനി, ആ മനുഷ്യനെ അവന്റെ ഘടനയിലൊന്നു പരിശോധിക്കാം. മനുഷ്യൻ സമഗ്രനാണ്, അവിഭാജ്യനാണ്. എന്നാൽ, ആത്മശരീരങ്ങളോടുകൂടിയത്രേ അവൻ ജീവിക്കുക. ഇവ രണ്ടിനും തുല്യപ്രാമുഖ്യം നല്കി പരിചിന്തിച്ചാലേ സമഗ്രമായ വ്യക്തിത്വ

1. G. S. 10

www.malankaralibrary.com

ത്തിനു രൂപംകൊടുക്കുവാൻ സാധിക്കൂ. ചരിത്രത്തിന്റെ താളുകൾ മറിച്ചാൽ ശരീരത്തിനും ആത്മാവിനും വിവിധാഭിമുഖ്യങ്ങൾ നല്കിയ പ്രസ്ഥാനങ്ങളെപ്പററി അറിയാം. മനുഷ്യൻ വെറും ഭൗതികശക്തികളുടേയും പ്രക്രിയകളുടേയും പരിണാമഫലം മാത്രമെന്നും ഇതരവസ്തുതകളുടെ മദ്ധ്യേ ചിന്നിച്ചിതറിക്കിടക്കുന്ന വസ്തുവെന്നും ചിലർ അഭിപ്രായപ്പെട്ടു. അവരുടെ അഭിമതത്തിൽ. "മനുഷ്യൻ എന്താണോ അതു മുഴുവൻ പദാർത്ഥത്തെ ആശ്രയിച്ചിരിക്കുന്നു." ഈ പ്രത്യയശാസ്ത്രത്തിന്റെ പ്രധാനവൈകല്യം സമഗ്രമനുഷ്യന്റെ നിഷേധം (Detotalization of human reality) ആണെന്നു ല്സെൻ(Le Senne) ചൂണ്ടിക്കാട്ടിയിട്ടുണ്ട്.[1] ഭൗതികമാത്രവാദികൾ ശരീരംമാത്രമാണു മനുഷ്യനെന്നു പറയുമ്പോൾ പ്രഥമമായി അരൂപിയാണു മനുഷ്യനെന്നു ആത്മീയമാത്രവാദികൾ തെളിയിക്കും. ഇവരും മനുഷ്യസാകല്യത്തിന്റെ ഭാഗികവശമേ കാണുന്നുള്ളൂ. മദ്ധ്യശതകങ്ങളിലെ ക്രിസ്ത്യൻദൈവവിജ്ഞാനീയത്തിലും ഇത്തരമൊരു പ്രതിഭാസം കുറച്ചൊക്കെ പ്രാബല്യത്തിലിരുന്നു. ഈ ചിന്താഗതിയിലധിഷ്ഠിതമായ ദൈവവിജ്ഞാനീയം മനുഷ്യന്റെ ആത്മാവിന്റെ രക്ഷയിൽ മാത്രമാണു ശ്രദ്ധപതിച്ചതു്. ഒപ്പം, ശരീരം തിന്മയെന്നും അതിനാൽ വർജ്ജ്യമെന്നുമുള്ള ഗ്നോസ്റ്റിക്—മനിക്കേയൻ അന്തർധാരയും അരൂപിക്കു പ്രാഥമ്യം നല്കുവാൻ സഹായിച്ചു. ഈ രണ്ടു ചിന്താസരണിയും മനുഷ്യനെ അവന്റെ സമഗ്രതയിൽ ദർശിക്കുന്നില്ല. ശരീരവും ആത്മാവും സമഞ്ജസമായി സമ്മിളിതമായ പുരുഷാത്മകവ്യക്തിയത്രേ മനുഷ്യൻ. "ആത്മീയവും ഭൗതികവുമായ സത്തകളെ വേർതിരിക്കുന്ന അതിർത്തിരേഖയും ചക്രവാളവു"മായി അക്വിനാസ് മനുഷ്യ

1. Cfr. Copleston, Contemporary Philosophy.

www.malankaralibrary.com

നെ ദർശിച്ചു.[1] സമയവും നിത്യതയും അവനിൽ സംഗമിക്കുന്നു. പ്രകൃതിയും പ്രകൃത്യതീതവും അവനിൽ ഒന്നിച്ചുമരുന്നുണ്ട്. മനുഷ്യന്റെ ഈ ദ്വന്ദ്വാത്മകത വൈരുധ്യാഭാസ (paradox)മായിത്തോന്നാം.[2]

## മനുഷ്യശരീരം

ആത്മാവും ശരീരവുമുള്ള സമഗ്രവ്യക്തിയെങ്കിലും മനുഷ്യനെ അവന്റെ ഘടനയിൽ അപഗ്രഥിക്കുവാൻ സാധിക്കും. 'ലോകത്തിലായിരിക്കുന്ന സത്തയാണു മനുഷ്യൻ.' (To be-in-the-world) എന്നു ഹൈഡഗ്ഗർ വ്യക്തിയെ വിശേഷിപ്പിക്കുന്നു. കാരണം, ബാഹ്യലോകത്തെക്കൂടാതെ മനുഷ്യനു മനുഷ്യനാകുവാൻ സാധ്യമല്ല. ഈ ലോകത്തിലായിരിക്കുന്നതോ, ശരീരത്തിലൂടെയത്രേ. മനുഷ്യൻ അവതീർണ്ണമായ-ശരീരമെടുത്ത-സത്തയെന്നു ഗബ്രിയേൽ മാർസൽ പറയുന്നുണ്ട്. ശരീരവും ആത്മാവും തമ്മിൽ അത്യുജ്ജ്വലഭേദ്യമായ ബന്ധമുണ്ട്: ശരീരം എന്റെ ഉപകരണംമാത്രമല്ല; എനിക്കുള്ളതല്ല ശരീരം, ഞാനാണു് എന്റെ ശരീരം. എന്റെ ശരീരം തനിച്ചു നില്ക്കുന്നില്ല. അതുപോലെ ആത്മാവിനെക്കുറിച്ചും സെന്തോമസ് പറയുന്നുണ്ട്.[3] എന്റെ വസ്തുക്കൾപോലെ ശരീരം എന്നിൽനിന്നു വേർപെട്ടു നില്ക്കുന്നില്ല. ഞാനാകുന്ന കർത്താവിന്റെ സാക്ഷാത്കാരത്തിനുള്ള ഉപാധിയത്രേ എന്റെ ശരീരം. അങ്ങനെ, "തന്റെ ശരീരഘടനയിലൂടെ ഭൗതികലോകത്തിന്റെ അംശങ്ങൾ അവൻ ത

---

1. Summa Contra Gentre Gentales II, 68.
2. Cfr. R. Le Trocquer, op. cit. p. 22.
3. My soul is not myself, In Comment. on I Cor XV Lec. 2, in fine).

www.malankaralibrary.com

ന്നിൽ സമാഹരിക്കുന്നു. മനുഷ്യനിലൂടെ ഭൗതികപദാർത്ഥങ്ങൾ മകുടമണിയുകയും സ്വതന്ത്രമായി സ്രഷ്ടാവിന്റെ സ്തുതികൾ ഉദീരണം ചെയ്യുകയും ചെയ്യുന്നുണ്ട് (Cfr. ഡാനി. 3, 57-90)".[1]

ആത്മാവിനോട്ട് സാരാംശികമായി ഒന്നിച്ചിരിക്കുന്ന നമ്മുടെ ശരീരത്തെ വേണ്ടത്ര വിലമതിക്കുവാൻ കൗൺസിൽ ഉദ്ബോധിപ്പിക്കുന്നുണ്ട്. ശരീരത്തിന്റെ പ്രവർത്തനങ്ങളിലൂടെയത്രേ വ്യക്തിത്വം വികസ്വരമാകുന്നത്. സമ്പൂർണ്ണവളർച്ചയെത്തുന്ന വ്യക്തിയാകണമെങ്കിൽ ശാരീരികസിദ്ധികൾ അവയുടെ സമഗ്രതയിൽ കതിരിട്ടു പൂവണിയണം. ശരീരത്തിന്റെ സാർത്ഥകതയും മഹനീയതയും ആത്മാവിന്റെ പശ്ചാത്തലത്തിൽ വ്യക്തമായി തെളിഞ്ഞുകാണും. കൂടാതെ, ക്രിസ്തുവിന്റെ അവതീർണ്ണതവഴി മനുഷ്യശരീരത്തിനു മൂല്യവും പ്രസക്തിയും പ്രദാനംചെയ്തു. പാപത്താൽ അധഃപതിച്ച മനുഷ്യനെ പരിത്രാണം ചെയ്തതുവഴി മനുഷ്യനെ അവന്റെ സമഗ്രതയിലും അവനോടുകൂടെ ലോകത്തേയും ക്രിസ്തു സമുദ്ധരിച്ചു, പവിത്രീകരിച്ചു. ക്രിസ്തു തന്റെ ഉത്ഥാനംവഴി മനുഷ്യശരീരത്തിനു അപരിമേയമായ ദാനമാണ് നല്കിയത്. ഉത്ഥിതനായ ക്രിസ്തുവിന്റെ ശരീരത്തോടൊപ്പം അവസാനനാളുകളിൽ ഉയിർത്തെഴുന്നേല്ക്കുന്ന മനുഷ്യന്റെ ശരീരങ്ങളും സ്വർഗ്ഗീയസൗഭാഗ്യമനുഭവിക്കുമെന്ന വസ്തുത മനുഷ്യശരീരത്തിന്റെ മൂല്യം വർദ്ധിക്കുകയത്രേ. ജ്ഞാനസ്നാനത്തിൽ ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിലുള്ള ഭാഗഭാഗിത്വംവഴി, അവിടുത്തോടൊപ്പം പാപത്തോട്ട് മരിക്കുകയും നിത്യജീവിതത്തിലേക്ക് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തിരിക്കുന്നു (Cfr. റോമ. 6, 45). ജ്ഞാനസ്നാനംവഴി ദൈവത്തിന്റെ സുതരും ത്രിയേ കവൈ,

---

1. G.S. 14

www.malankaralibrary.com

ത്തിൻെറ ആലയവും വാസസ്ഥലവുമായി. (1കോറ. 6, 19) ദൈവത്തിൻെറ ആസ്ഥാനമായ ശരീരത്തെ പൂജ്യമായി കരുതുവാനും പാപം ശരീരത്തെ കീഴടക്കാതിരിക്കാനും സെൻറ് പോൾ ഉദ്ബോധിപ്പിക്കുന്നുണ്ട് (റോമ. 6, 12–13). ക്രിസ്തുവിൻെറ ഉത്ഥാനത്തിലുള്ള ഭാഗഭാഗിത്വംവഴി അവസാനമായി മനുഷ്യരുടെ ശരീരങ്ങളും സ്വർഗ്ഗീയസൗഭാഗ്യമനുഭവിക്കും. അതിനാൽ "ശരീരത്തെ ഉത്തമവും ബഹുമാന്യവുമായി കരുതാൻ മനുഷ്യൻ കടപ്പെട്ടവനത്രേ. എന്നാലും, പാപത്താൽ വ്രണിതമായതുമൂലം സ്വശരീരത്തിൻെറ പ്രകോപനപരമായ പ്രവണതകൾ മനുഷ്യനു അനുഭവവേദ്യമാകുന്നു. സ്വന്തശരീരത്തിൽ ദൈവത്തെ മഹത്വീകരിക്കുന്ന (Cfr. 1, കോറ. 6, 13–20) ഹൃദയത്തിൻെറ ദുർവാസനകളെ സേവിക്കാതിരിക്കാനും മനുഷ്യൻെറ മഹനീയത ആവശ്യപ്പെടുന്നു". 1.

## മനുഷ്യാത്മാവ്

പരിണാമത്തിലെ അവസാധത്തെക്കണ്ണിയെന്ന് കരുതപ്പെടുന്ന മനുഷ്യനു ഇതരജീവികളിൽനിന്നു വ്യതിരിക്തമായി ബുദ്ധിയും ഇച്ഛാശക്തിയുമുള്ള ആത്മാവുണ്ട്. ആത്മാവിൻെറ അസ്തിത്വത്തിലേക്കു വിരൽചൂണ്ടുന്നതു് മനുഷ്യൻെറ ആത്മീയപ്രവർത്തനങ്ങൾവഴിയത്രേ. സത്ത പ്രവൃത്തിയെ അനുഗമിക്കുന്നു എന്നൊരു ഉപപത്തിയുണ്ട്, സ്കോളാസ്റ്റിക് തത്വചിന്തയിൽ. അപ്പോൾ ചിന്തിക്കുന്നതിനു് അരൂപികളുടെ കഴിവുവേണം. മനുഷ്യൻെറ പദാർത്ഥത്തെ അതിഗമിക്കുന്ന പ്രവർത്തനങ്ങൾവഴി ആത്മാവിലേക്കു നയിക്കുന്നു. ജന്തുക്കൾ

1. J. Mouroux, The Meaning of Man (London: Sheed & ward, 1948) 78-111.

www.malankaralibrary.com

പഞ്ചേന്ദ്രിയങ്ങളിലൂടെ ദൃശ്യവസ്തുക്കൾ ഗ്രഹിക്കുന്നു. എന്നാൽ, തങ്ങളെത്തന്നെ ഗ്രഹിക്കുന്നതിനോ തങ്ങളുടെ ലക്ഷ്യമെന്തെന്നറിയുന്നതിനോ അവയ്ക്കു സാധിക്കുകയില്ല. മനുഷ്യനാകട്ടെ ദൃശ്യവസ്തുക്കൾ മാത്രമല്ല, ആത്മീയസത്തകൾകൂടി ഗ്രഹിക്കുന്നു. തന്നെത്തന്നെയും തന്റെ ലക്ഷ്യത്തെയുംകുറിച്ച് ബോധവാനാണവൻ. ഈ ആത്മാവ് അതിൽത്തന്നെ സ്ഥിതിചെയ്യുന്നു. അത് അമർത്ത്യമാണ്. ദൈവവുമായി ആഭിമുഖ്യം പുലർത്തുവാൻ കെല്പുററതത്രേ.

ആത്മാവിന്റെ അസ്തിത്വത്തെ നിഷേധിക്കുന്ന ഒട്ടേറെ "പ്രതിഭാശാലി"കളുണ്ടിന്ന്. തങ്ങളുടെ "വാദ"ങ്ങളും "പ്രസ്ഥാന"ങ്ങളും ആത്മാവിന്റെ അസ്തിത്വത്തിലേക്കു വിരൽ ചൂണ്ടുന്നെന്ന് അവരറിയുന്നില്ല. കാരണം, മനുഷ്യനിലെ ആത്മീയപ്രതിഭാസങ്ങൾ ആത്മാവിന്റെ അസ്തിത്വത്തിലേക്കു കൈചൂണ്ടുന്നുമല്ലോ. പദാർത്ഥത്തിന്റെ സിദ്ധികളിലുപരിയായി എന്തോ അവനിലുണ്ട്. സ്ഥലകാലങ്ങളെ കവച്ചുവയ്ക്കുവാൻ മനുഷ്യനു സാധിക്കും. മനുഷ്യനിലെ ആത്മീയത അവന്റെ പ്രവർത്തനങ്ങൾവഴി വെളിപ്പെടുന്നു. ചിന്തിക്കുക, അരൂപിയെ സ്നേഹിക്കുക എന്നീ പ്രതിഭാസങ്ങൾ പദാർത്ഥത്തിന്നതീതമാണല്ലോ. ഇതരജീവജാലങ്ങളിൽനിന്നു വ്യത്യസ്തനായി മനുഷ്യന് തന്നിലേക്കുതന്നെ തിരിയുവാനും വസ്തുക്കളുടെ അന്തരാളത്തിലേക്കു ഇറങ്ങിച്ചെല്ലാനും കഴിയും. അനന്തതയിലേക്കു നുഖമായ വിശ്വത്തിലെ ഏകസത്തയാണു മനുഷ്യൻ. മനുഷ്യന്റെ ശാസ്ത്രീയസാങ്കേതികനേട്ടങ്ങളും കലാസാഹിത്യവികസനവും സാംസ്കാരികാഭ്യുന്നതിയും മനുഷ്യന്റെ ആത്മീയതയുടെ നിദർശനമെന്നു പറയാം. അനന്തമായ അറിവിലേക്കും സമ്പൂർണ്ണമായ സ്നേഹത്തിലേക്കും അക്ഷയമായ ജീവനിലേക്കുമുള്ള മനുഷ്യോന്മുഖത ആ-

www.malankaralibrary.com

ത്മാവിൻെറ അസ്തിത്വത്തിലേക്ക സെർച്ച്ലൈററ് അടി ക്കാതിരിക്കില്ല.

മനുഷ്യനെ മനുഷ്യനാക്കുന്നത് അരൂപിയായ ആത്മാവ ത്രേ. കളിമണ്ണിന്ന പാത്രത്തിൻെറ രൂപംകൊടുക്കുന്നതുപോലെ ആത്മാവാകുന്ന രൂപം(form)ശരീരമാകുന്ന പദാർത്ഥ (matter)ത്തിന്ന നല്കുമ്പോൾ മനുഷ്യനൽഭൂതമാകുന്നു. അപ്പോൾ, ശരീരത്തിൻെറ പ്രവൎത്തനങ്ങൾ ആത്മാവിന്നധീനമാകണം. മനുഷ്യവ്യക്തിയെ ആത്യന്തികലക്ഷ്യത്തിലേക്ക നയിക്കുന്നത് ആത്മാവത്രേ. അതുപോലെ വ്യക്തിത്വം വികസ്വരമാകുന്നതും ആത്മീയപ്രവൎത്തനങ്ങൾവഴിയാണ്. അങ്ങനെ, "ആന്തരികഭാവങ്ങൾമൂലം തൻെറ ഹൃദയാന്തരാളത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ അപാരമായ ഉൾക്കാഴ്ചയാൽ മനുഷ്യൻ പുനർപ്രവേശനം കണ്ടെത്തുന്നു; ഹൃദയങ്ങളെ പരിശോധിക്കുന്നദൈവം അവിടെ അവനെ കാത്തിരിക്കും. ആ തൃക്കണ്ണുകളുടെ മുമ്പിൽ തൻെറ ശരിയായ ഭാഗധേയം അവൻ വിവേചിച്ചറിയുന്നു".[1]

## ആത്മാവും ശരീരവും

ആത്മാവിനേയും ശരീരത്തേയും വേർതിരിച്ചു പഠനം നടത്തിയെങ്കിലും മനുഷ്യൻ ആത്മാവും ശരീരവും ഒന്നിച്ചുചേരുന്ന സമഗ്രവ്യക്തിയത്രേ. അവ തമ്മിൽ സാരാംശികമായി ഒന്നിക്കപ്പെട്ടിരിക്കുന്നു. പ്ലേറേറാ വിഭാവനംചെയ്തതുപോലെ ആത്മാവിൻെറ ബന്ദിയല്ല ശരീരം. പ്രത്യുത, അരൂപിയുടെ പ്രവൎത്തനത്തിന് അഭേദ്യമായി യോജിച്ചിരിക്കുകയാണ്, ശരീരം. ഈ ബന്ധം, യോജിപ്പ് മനുഷ്യപ്രകൃതി

1. G.S. 14.

www.malankaralibrary.com

സ്വീകരിച്ച് പരിപൂർണ്ണമനുഷ്യനും പരിപൂർണ്ണദൈവവുമായ ക്രിസ്തുവിന്റെ അവതീർണ്ണത വ്യക്തമാകും.

മാനുഷികപ്രവർത്തനങ്ങൾക്ക ശരീരത്തിന്റെ കഴിവുകൾ ആവശ്യമത്രേ. അരൂപി പ്രവർത്തിക്കുന്നതുതന്നെ ഇന്ദ്രിയങ്ങളിലൂടെ വസ്തുതകൾ സ്വീകരിച്ചാണല്ലോ. ചിന്തയുടെ പ്രവർത്തനത്തിലൂടെ ഈ യാഥാർത്ഥ്യം തെളിയിക്കാം. പഞ്ചേന്ദ്രിയങ്ങൾ പ്രപഞ്ചത്തിലെ പ്രതിഭാസങ്ങൾ സ്വീകരിക്കുന്നു—കാണുന്നു, കേൾക്കുന്നു തുടങ്ങിയവ. ഈ ഇന്ദ്രിയങ്ങൾ അവയുടെ ഇമേജുകൾക്ക രൂപംകൊടുക്കുന്നു. ഭൗതികമായ ആ ഇമേജുകളെ ബുദ്ധിയുടെ പ്രവർത്തനംവഴി ചിന്തയാകും. ആത്മാവിന്റെ ഈ പ്രക്രിയയ്ക്കു ശരീരത്തിന്റെ സഹായം അവശ്യാവശ്യമത്രേ.

വി. ഗ്രന്ഥത്തിൽ ആത്മാവിനേയും ശരീരത്തേയും അപഗ്രഥിച്ചു സമീക്ഷിക്കുന്ന ദാർശനികവീക്ഷണമുണ്ടായിരുന്നില്ല. മനുഷ്യനെ അവന്റെ സമഗ്രതയിലത്രേ, നോക്കികണ്ടതു്. പഴയ ഉടമ്പടിയിൽ, ആത്മാവിനേയും ശരീരത്തേയും മനുഷ്യന്റെ പര്യായങ്ങളായി തരംതിരിക്കാതെ ഉപയോഗിച്ചിരുന്നു. "എല്ലാ ശരീരങ്ങളും"[1] എന്ന പ്രയോഗംകൊണ്ടു് എല്ലാമനുഷ്യരേയുമാണു വിവക്ഷിക്കുക. അതുപോലെ "എല്ലാ ആത്മാവുകളും"[2] എന്നതും എല്ലാവരേയുമത്രേ സൂചിപ്പിക്കുന്നതു്. പുതിയ ഉടമ്പടിയിലും ഇത്തരം ശൈലികൾ കാണാം. (മത്താ. 24, 22; മർക്കോ. 13, 10; ലൂക്ക 3, 6; 1കോറ. 1, 23; റോമ. 3, 20; നട. 2, 43; വെളി. 16, 3).

---

1. Cfr. ഉൽപ. 6: 12; ഐസ. 40: 6; ജെറ. 25: 31; 12: 12; സക്ക. 2: 17.

2. Cfr. ജോഷ്വ. 10: 28, 30, 32; ഉൽപ. 1: 21, 24; 2: 7, 19; 9: 10, 12, 15; ലെവ. 11, 10.



www.malankaralibrary.com

ആത്മാവും ശരീരവും തമ്മിലുള്ള ഈ ഏകതാനത മനുഷ്യനെ സമയത്തിലും നിത്യതയിലും നിർത്തുന്നു. ലോകത്തിലായിരിക്കുന്ന സത്ത അവനെ കാലികമാക്കുമ്പോൾ അരൂപിയായ ആത്മാവ് അവനെ നിത്യനാക്കുന്നു. പ്രകൃതിയും പ്രകൃത്യതീതവും അവനിൽ കൂടിക്കലരുന്നു. ഈ ഏകതനാതയുടെ വെളിച്ചത്തിൽ മനുഷ്യനെ "ആത്മീയവും ഭൗതികവുമായ സത്തകളെ തമ്മിൽ വേർതിരിക്കുന്ന അതിർത്തിരേഖയും ചക്രവാളവു"മായി സെൻറ് തോമസ് വിശേഷിപ്പിച്ചു.[1]

## വികസ്വരമായ പുരുഷാത്മകത്വം

ആത്മാവും ശരീരവും സത്താപരമായി ഒന്നിച്ചിരിക്കുന്ന സത്തയാണല്ലോ മനുഷ്യൻ. മനുഷ്യൻെറ ആത്മാവ് അവനെ പുരുഷ(Person)[2]നാക്കുന്നു. പുരുഷനെന്നു പറയുമ്പോൾ വിവക്ഷിക്കുക സത്താപരമായി പൂർണ്ണവും അനന്യാശ്രിതവും സ്വതന്ത്രവുമായ ആത്മീയസത്തയത്രേ. തനിക്കുവേണ്ടിയും തന്നാലും തന്നിൽത്തന്നെയും പുരുഷൻ സ്ഥിതിചെയ്യുന്നു. സ്വന്തമായ അർത്ഥവും മൂല്യവുമുള്ള ലക്ഷ്യമുള്ളതിനാൽ പുരുഷൻ തനിക്കുവേണ്ടി അസ്തിത്വത്തിൽ നിലനില്ക്കുന്നു. മററുവസ്തുക്കളുമായി കൂടിച്ചേരുന്നില്ല. അദാതവ്യനം (incomunicable) അലംഘ്യനുമായ പുരുഷൻ മററുള്ളവയിൽനിന്നു വിഭിന്നനത്രേ. അതുകൊണ്ട്, 'പുരുഷൻ പ്ര

---

1. Cfr. S. T. op. cit.

2. Person എന്ന ഇംഗ്ലീഷ്പദം ഉത്ഭവിക്കുന്നത് Persona എന്ന ഗ്രീക്കുപദത്തിൽ നിന്നത്രേ. മുഖംമൂടിയെന്നർത്ഥംവരും. പിന്നീട്, മനുഷ്യനെപ്പററി സൂചിപ്പിച്ചു. ഭാഷയിൽ വ്യക്തി, ആൾ, പുരുഷൻ എന്നെല്ലാം തർജ്ജിമചെയ്യും.

www.malankaralibrary.com

കൃതിയിലെ ഏററവും പരിപൂർണ്ണമായ സത്തയാണെ'ന്നു അകവിനാസ് പഠിപ്പിച്ചു.[1]

ഉണ്മയുടെ പരമമായ സ്വഭാവത്തെ യഥാർത്ഥവത്കരിക്കുന്ന സീമിതസത്തയാണു മനുഷ്യൻ. ചുരുക്കത്തിൽ, പുരുഷൻ പൂർണ്ണതയുടെ പര്യായമെന്നു പറയാം. മനുഷ്യനെ പുരുഷനാക്കുന്നതു് ബുദ്ധിയുള്ള ആത്മാവാണു്. അതുകൊണ്ടുതന്നെ ബൊയേസിയൂസിന്റെ പുരുഷനെപ്പററി ബുദ്ധിശക്തിയുള്ള വ്യതിരിക്തസത്തയെന്ന നിർവചനം സുപ്രസിദ്ധമായതു്. തോമസ് അകവിനാസും ഈ ചുവടുപിടിച്ചു് പുരുഷനെ നിർവചിച്ചിട്ടുണ്ടു്: "സകലത്തിൽനിന്നു വ്യതിരിക്തവും സ്വതന്ത്രവുമായ ബുദ്ധിസത്ത".[2]

പരിപൂർണ്ണതയുടെ പ്രതീകമായ പുരുഷന്റെ സിദ്ധികളിലേക്കും വ്യതിരിക്തതകളിലേയ്ക്കും ചുഴിഞ്ഞിറങ്ങാം. പുരുഷൻ തന്നിൽത്തന്നെ സ്ഥിതിചെയ്യുന്ന സ്വയംപര്യാപ്തനത്രേ. അവൻ തന്നിലും തനിക്കുവേണ്ടിയും തന്നാലും ജീവിക്കുന്ന പുരുഷനാണു്. ഇതരജീവികൾ മരണത്തോടെ ഛിന്നഭിന്നമാകുന്നു, പുരുഷനാകട്ടെ, ശാരീരികമരണത്തിനു ശേഷവും അസ്തിത്വത്തിൽ തുടർന്നു നില്ക്കും. കാരണം, പുരുഷനെ പുരുഷനാക്കുന്നതു് അരൂപിയായ ആത്മാവത്രേ. അരൂപി അഖണ്ഡവും (indivisible) അമർത്യവുമാണല്ലോ. ചുരുക്കത്തിൽ, ഭൗതികതയും ആത്മീയതയുടെ സ്വായത്തത (subsistance) നല്കപ്പെട്ട സത്തയല്ലാതെ മറെറാന്നുമല്ല പുരുഷൻ. തന്റെ അന്തഃസത്തയിലേക്കു തിരിയുവാനുള്ള കഴിവുവഴി പുരുഷനു് തന്നിൽത്തന്നെ സ്ഥിതിചെയ്യുവാനും (to subsist by itself) തന്നിൽതന്നെ ഒരുമിക്കുവാനും (to

1. S. T. I, 29, 3
2. Ibid.

www.malankaralibrary.com

coincide with itsef) തനിക്കുതന്നെ സന്നിഹിതനാകുവാനും (to be present to itself) സാധിക്കുന്നു."[1] അതുകൊണ്ടു പുരുഷൻ ഉണ്മയുടെ പൂർണ്ണിമ അസ്വദിക്കും. ഈ പൂർണ്ണത അസ്തിത്വത്തിൽ തുടരുവാൻ സഹായിക്കുന്നു.

ആത്മീയൈക്യമുള്ളതിനാൽ പുരുഷൻ തനിക്കുതന്നെ സാന്നിധ്യം നല്കുന്നു. തന്നിലേക്കുതന്നെ തിരിയാനുള്ള കഴിവ്, തന്നെത്തന്നെ അറിയുവാനുള്ള സിദ്ധി അരൂപികൾക്കുണ്ടല്ലോ. പുരുഷന്റെ ആന്തരികമായ സാന്നിധ്യം അവന്റെ സ്വായത്തതയുടേയും സ്വാതന്ത്ര്യത്തിന്റേയും അടിസ്ഥാനം കൂടിയത്രേ. തന്നിൽതന്നെ സാന്നിധ്യമുള്ളതിനാൽ സ്വന്തമായ ലക്ഷ്യങ്ങൾ അനുസരിച്ച് സ്വാതന്ത്രമായി പൂർണ്ണിമയിലെത്തിക്കുവാൻ കഴിയും പുരുഷന്. അതുകൊണ്ടു നാം പറയുന്നു: പുരുഷൻ തനിക്കുവേണ്ടിയുള്ള സത്തയെന്ന്. ലോകത്തിലെ ഇതരസത്തകൾ സ്ഥിതിചെയ്യുന്നതു് മററുള്ളവർക്കുവേണ്ടിയത്രേ. ധാതുലോകം സസ്യലോകത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുംവേണ്ടി നിലകൊള്ളുമ്പോൾ സസ്യലോകം മൃഗലോകത്തിന്റെ വികസ്വരതയ്ക്കുവേണ്ടിയും ജീവിക്കുന്നു. ഈ മൂന്നു ലോകങ്ങളും മനുഷ്യന്റെ പുരോഗതിക്കും നിലനില്പിനുംവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പുരുഷന്റെ ഈ സ്വായത്തതയും സ്വാതന്ത്ര്യവും അവനെ പ്രപഞ്ചത്തിലെ പരമവും സുനിശ്ചിതവും അനന്യവുമായ സത്തയാകുന്നു. അവൻ തന്നിൽത്തന്നെ ഒരു പ്രപഞ്ചം സൃഷ്ടിക്കുന്നു: സൂക്ഷ്മപ്രപഞ്ചം (microcosm). അങ്ങിനെ വിശ്വസാകല്യത്തിന്റെ കേന്ദ്രവും മണിമകുടവും അധിപനുമായ വിരാജിക്കുന്നു, മനുഷ്യനെന്ന പുരുഷൻ.

മനുഷ്യന്റെ ആത്മീയൈക്യവും ആന്തരികസാന്നിധ്യവും

1. J. Mouroux op. cit. p. 119.

www.malankaralibrary.com

അവനെ വിവൃതസത്തയാക്കുന്നു (open being). ഭൗതികവസ്തുക്കൾ അവയിൽതന്നെ അടഞ്ഞിരിക്കുകയാണു്. അറിവും സ്നേഹവുംവഴി പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളോടും ആഭിമുഖ്യം പുലർത്തുവാൻ സർവ്വത്തേയും തന്നിലേക്കു സമാഹരിക്കുവാൻ മനുഷ്യനു കഴിയും. ബുദ്ധിയും ഇച്ഛയുംവഴി തന്നിലുള്ള എല്ലാം നഷ്ടപ്പെടാതെതന്നെ ഇതരക്കു പകർന്നുകൊടുക്കുവാനും മററുള്ളവയെ അവക്കു നഷ്ടമൊന്നുമില്ലാതെ തന്നിലേക്കു സ്വീകരിക്കുവാനും സാധിക്കുന്നു[1] മനുഷ്യന്റെ ഈ വിവൃതഭാവും ആന്തരികസാന്നിധ്യവും ആത്മീയചൈതന്യവും അവന്റെ പുരുഷാത്മകതയുടെ സ്വഭാവങ്ങളത്രേ. ഇതുവഴി പുരുഷൻ പ്രപഞ്ചത്തിലെ പരമസത്തയാകുന്നു. പക്ഷേ, അവന്റെ പുരുഷാത്മകത ഭൗതികവ്യക്തിയുടേതത്രേ. അവൻ സമയത്തിലും കാലത്തിലും സ്ഥിതിചെയ്യുന്നു. ലോകത്തിലായിരിക്കുന്ന സത്തയാണവൻ. അപ്പോൾ അവതീർണ്ണമായ—ശരീരമെടുത്ത—പുരുഷനത്രേ. അങ്ങനെ മനുഷ്യൻ പുരുഷാത്മകതയുടെ താഴെപ്പടിയിൽ നിലകൊള്ളുന്നു. ഇവിടെ മനുഷ്യന്റെ ദ്വന്ദ്വാത്മകത (dichotomy) തെളിഞ്ഞുതെളിഞ്ഞുവരികയാണു്. പുരുഷനെന്ന നിലയിൽ പൂർണ്ണനും വ്യക്തിയെന്ന നിലയിൽ പരിമിതികളാൽ പരിവൃതനുമാണവൻ. മനുഷ്യന്റെ പൂർണ്ണത പുരുഷാത്മകതയിലായിരിക്കണം. എന്നാലേ, യഥാർത്ഥമനുഷ്യൻ രൂപംപ്രാപിക്കൂ. അപ്പോൾ, മനുഷ്യൻ അപൂർണ്ണനും പരിമിതനുമത്രേ. പരിപൂർണ്ണതയിലേക്കുയരുവാൻ അവന്റെ ആത്മീയത ആഗ്രഹിക്കുന്നു. മനുഷ്യനു തന്നെത്തന്നെ സമ്പൂർണ്ണനാക്കേണ്ടതുണ്ടു്. അതുകൊണ്ടു്, മനുഷ്യനെ സ്വയം സർവാതിരിക്തനാകുവാ (self-transcedence) നുള്ള സത്തയെന്നു വിളിക്കുന്നതു്.

---

1. R. Le Trocquer, op. cit. p. 49.

www.malankaralibrary.com

ഇതു സാധിക്കുന്നതു് സംഘട്ടനങ്ങളുടേയും വലിച്ചിലുകളുടേയും മദ്ധ്യത്തിലത്രേ. സംഘർഷങ്ങളുടെമധ്യേ ഭൗതികജീവിതത്തെ ആത്മീയജീവിതം ജയിച്ചടക്കുന്നു. സ്വന്തമായിത്തന്നെ വ്യക്തിത്വം സമ്പൂർണ്ണമാക്കുവാൻ സാധിക്കുകയില്ല. അവൻ തന്റെ കേന്ദ്രമായ ഈശ്വരനിലേക്കു് വികസ്വരമായ വ്യക്തിത്വത്തിനുവേണ്ടി തിരിയുന്നു.

## മനുഷ്യന്റെ ബുദ്ധിപ്രാഭവം

ഭൗതികതയും ആത്മീയതയും ഒന്നിച്ചുചേരുന്ന അത്ഭുത പ്രതിഭാസമത്രേ, മനുഷ്യൻ. ഇതര പ്രപഞ്ചസൃഷ്ടികളിൽനിന്നു വ്യത്യസ്തനായി മനുഷ്യനു് ബുദ്ധിയും മനസ്സുമുള്ള ആത്മാവുണ്ടു്. ബുദ്ധിയുടെ പ്രാഭവം മനുഷ്യനിലെ മനുഷ്യനു് ആക്കംകൂട്ടുന്നു. ബുദ്ധിശക്തിമൂലം ഭൗതികപ്രപഞ്ചത്തെ അതിഗമിക്കാനുള്ള സിദ്ധിയും സാധനയും മനുഷ്യനുണ്ടു്. ഭൗതികനിയമങ്ങളുടെ നിശ്ചിതത്വം അവനെ സ്പർശിക്കുന്നേയില്ല. പ്രകൃതിശക്തികളിലും ജീവജാലങ്ങളിലും അത്ഭുതകരമായ ക്രമം ഭരണംനടത്തുന്നു. അവ തങ്ങളിൽ നിക്ഷിപ്തമായ ചോദനക്കും വാസനക്കുമനുസൃതം നിശ്ചിതത്വത്തോടെ പ്രവർത്തിക്കണം. എന്നാൽ, മനുഷ്യനു് ക്രമം മനസ്സിലാക്കുവാനും സ്വന്തം ഭാഗധേയം ബുദ്ധിയുടെ പ്രവർത്തനമനുസരിച്ചു് രൂപപ്പെടുത്തുവാനും സാധിക്കും.[I] മൃഗങ്ങൾ പഞ്ചേന്ദ്രിയങ്ങളാൽ പരിക്ലിപ്തമാകുമ്പോൾ മനുഷ്യൻ ബുദ്ധിവഴി ഇന്ദ്രിയങ്ങളെ അതിശയിക്കുന്നു. മനുഷ്യന്റേയും മൃഗങ്ങളുടേയും പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനം താരതമ്യപ്പെടുത്തിയാൽ മൃഗങ്ങളുടേതു് മനുഷ്യനേക്കാൾ ബൃഹത്തും സൂക്ഷ്മതരവുമാ

I. Cfr. ഭൂമിയിൽ സമാധാനം, nos. 1-4

www.malankaralibrary.com

ണെന്നു കാണാം. പക്ഷേ, അവൻ തന്റെ ബൗദ്ധികസിദ്ധികളാൽ ഇന്ദ്രിയാതീതനാകുന്നു. അവന്റെ ബുദ്ധി അപരിമിതവും അപ്രമേയവുമത്രേ. ഇന്ദ്രിയബലം എത്രയോ അധികമുള്ള മൃഗത്തെ മനുഷ്യന് കീഴ്പ്പെടുത്തുവാൻ സാധിക്കും.

ദിവ്യജ്ഞാനത്തിന്റെ പ്രകാശധോരണിയിൽ ഭാഗഭാക്കായി മനുഷ്യൻ ബുദ്ധിവഴി തന്റെ ശ്രേഷ്ഠതയെ വെളിപ്പെടുത്തുന്നു. അനന്തമായ സത്യത്തിലേക്ക അവന്റെ ബുദ്ധി എപ്പോഴും ഉന്മുഖമായിരിക്കും. ദൈവത്തിന്റെ നിയമങ്ങളും കല്പനകളും ഗ്രഹിക്കുവാൻ അവന്റെ ബുദ്ധി ഉപകരിക്കും. ദൈവേഷ്ടം നിറവേററുവാൻ ഇതു് അവനെ പ്രേരിപ്പിക്കുന്നു. സമയത്തിലും ചരിത്രത്തിലുംകൂടെയത്രേ അവൻ ദൈവത്തിന്റെ തിരുവുള്ളം നിറവേററുക. മനുഷ്യൻ മാത്രമേ ചരിത്രപരതയുള്ള ജീവിയായുള്ളു. ഭൂതകാലത്തെ വത്തമാനകാലവുമായി ബന്ധിക്കുവാനും ഭാവിയെ രൂപപ്പെടുത്തുവാനും അവനുമാത്രമേ കഴിയൂ.

## ബുദ്ധിയുടെ സിദ്ധികൾ

മനുഷ്യബുദ്ധിയുടെ അപാരത ഇന്നിന്റെ ശാസ്ത്രീയസാങ്കേതികനേട്ടങ്ങളിൽ വ്യക്തമായി കാണും. ഗുഹകളിൽ കുനിഞ്ഞുകടന്നു നനഞ്ഞനിലത്തു ചുരുണ്ടുകിടന്നു പച്ചമാംസവും കാട്ടുകിഴങ്ങും കടിച്ചുമുറിച്ചു തിന്ന ആദ്യമനുഷ്യനെവിടെ, ആധുനികമനുഷ്യരെവിടെ! ഇതരഗ്രഹങ്ങൾകൂടി "സവ്വേ സെററിൽമെണ്ടു്" ചെയ്യുവാൻ അവൻവഴി നോക്കുന്നു; ശബ്ദവേഗതയെ വെല്ലുന്ന ജെററുവിമാനങ്ങളിൽ അവൻ സഞ്ചരിക്കുന്നു; സൂര്യനെകൊണ്ടു് അടുക്കളപ്പണി ചെയ്യിക്കുന്നു (solar cockers). കവിത രചിക്കുകയും കണക്കുകൂട്ടുകയും ചെയ്യുന്ന കംപ്യൂട്ടർ അവന്റെ തലച്ചോറിനു പകരം പ്രവർ

www.malankaralibrary.com

ത്തിക്കുന്നു. അങ്ങനെ പ്രാപഞ്ചികരഹസ്യങ്ങളെ സൂക്ഷ്മാവലോകനംചെയ്തു വിജിഗീഷുവാകുന്നതു് അവന്റെ ബുദ്ധിപ്രകർഷംകൊണ്ടു മാത്രമത്രേ. പൂർവ്വികന്മാർ തിരുമുൽക്കാഴ്ച സമർപ്പിച്ച വൈജ്ഞാനികപൈതൃകത്തെ വികസ്വരമാക്കുവാൻ അവന്റെ മേധാശക്തി അവനെ സഹായിക്കുന്നു. അവന്റെ പ്രതിഭയിൽ ഉരുത്തുകൂടിയതത്രേ, ഇന്നത്തെ സാംസ്കാരികനേട്ടങ്ങളും രാഷ്ട്രീയവ്യവസ്ഥിതിയും സാമ്പത്തികാസൂത്രണങ്ങളും മററും. മനോവിജ്ഞാനീയത്തിലെ നൂതനപ്രവണതകൾ മനുഷ്യമനസ്സിന്റെ ഉള്ളിന്റെ ഉള്ളിലെ നിഗൂഢപ്രതിഭാസങ്ങളെ ഒന്നൊന്നായി ചുരുളഴിക്കുന്നു. കലയുടേയും സാഹിത്യത്തിന്റേയും മണ്ഡലങ്ങളിൽ ഉന്നതമായ അനുഭൂതിയും സുന്ദരമായ ആവിഷ്കരണവും സുചിന്തിതമായ ആശയധാരകളും അവന്റെ മസ്തിഷ്കഫലങ്ങൾതന്നെ. പരിണാമപ്രക്രിയയിലെ അവസാനക്കണ്ണിയായ മനുഷ്യൻ ചിന്താതല (noosphere) ത്തിലൂടെ അനസ്യൂതം വികസ്വരമാകുകയാണു്. "കൂടുതൽ ഉദാത്തമായ യാഥാർത്ഥ്യങ്ങളെ കണ്ടുപിടിക്കുവാൻ അവൻ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. കാരണം മനുഷ്യപ്രതിഭ നിരീക്ഷണവിധേയങ്ങളായ പ്രതിഭാസങ്ങളിൽമാത്രം കുരുങ്ങിക്കിടക്കുകയല്ല".[1]

## ബുദ്ധി അറിവിന്റെ പൂർണ്ണിമയിലേക്ക്

മനുഷ്യനെ ഈ ശാസ്ത്രീയ സാങ്കേതികവികസനം തന്റെ നേട്ടങ്ങൾക്കടിമയാക്കുന്നു. വൈയവസായികയുഗത്തിൽ യന്ത്രങ്ങളിലെ പൽചക്രമായി തരംതാണ മനുഷ്യവ്യക്തി മാനസികമായ അടിമത്തത്തോടൊപ്പം ശാരീരികമായ ദാസ്യവും അവനെ കീഴടക്കുന്നു. കാരണമെന്തെന്നോ? ശാസ്ത്രത്തി

1. G S. 15

www.malankaralibrary.com

ന്റെ പുരോഗതി മാനുഷ്യകത്തെ മുഴുവൻ നശിപ്പിക്കുവാൻതക്ക അണ്വായുധങ്ങളുടെ നിർമ്മിതിയിലേക്കു നയിച്ചു. അങ്ങനെ, യുദ്ധഭീഷണിയുടെ ഒത്ത നടുവിൽ മനുഷ്യവർഗ്ഗം നീറുന്നു. സയൻസിന്റെ പുരോഗതി ദൃശ്യവസ്തുക്കളിൽനിന്നു അദൃശ്യദൈവത്തിങ്കലേക്കുയരുവാനുള്ള സോപാനമായി കരുതി, ഇന്നലെവരെ. ആകാശത്തിന്റെ അപാരതയും ആഴിയുടെ ആഗാധതയും അണീയസ്സന്റെ അത്ഭുതപ്രവർത്തനങ്ങളും അപരിമേയനായ പരംപൊരുളിലേക്കെത്തിനിന്നിരുന്നു, ആ പഴയ കാലങ്ങളിൽ. പക്ഷേ, ഇന്നു സയൻസിന്റെ പോരിമ കണ്ടമ്പരന്ന മനുഷ്യൻ പ്രപഞ്ചത്തിന്റെ വിധാതാവും സൂത്രധാരകനുമായി തന്നെത്തന്നെ നിറപറയും നിലവിളക്കും വച്ചു് പൂജിക്കുകയാണു്. അതുകൊണ്ടു യഥാർത്ഥവിജ്ഞാനം മനുഷ്യോചിതജീവിതത്തിനും മെച്ചപ്പെട്ടലോകത്തിന്റെ പടുത്തുയർത്തലിനും സഹായിക്കും. അതുപോലെ അദൃശ്യവിഷയങ്ങളിലേക്കു മനുഷ്യനെ ആകൃഷ്ടനാക്കുകയും വേണം.[1]

ഈവക കാര്യങ്ങൾ പ്രായോഗികതലത്തിലാക്കുന്നതിനു് ബുദ്ധിയുടെ ശ്രേഷ്ഠതയും മഹനീയതയും അംഗീകരിച്ചാദരിക്കുന്ന പ്രതിഭാശാലികളായവർ മുന്നിട്ടു പ്രവർത്തിക്കണം. ചിന്തകന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും, കൗൺസിലിന്റെ സമാപനത്തിൽ പിതാക്കന്മാർ ഒരു സന്ദേശം നല്കി: "സത്യത്തെപ്പററിയുള്ള ആശ കൈവെടിയാതെ നിങ്ങളുടെ സത്യാന്വേഷണം തുടരുക. സെന്റഗസ്റ്റിന്റെ വാക്കുകൾ നിങ്ങളുടെ സ്മൃതിപഥത്തിലുണ്ടാകട്ടെ: ആശയോടുകൂടി നമുക്കന്വേഷിക്കാം. വീണ്ടും കൂടുതൽ അന്വേഷിക്കുവാനുള്ള ആശയോടെ നമുക്കു കണ്ടെത്താം. സത്യം കണ്ടെത്തിയശേഷം അതിൽ നവംനവങ്ങളായ വശങ്ങൾ ദർശിക്കുന്നതിനും അ

---

1. G. S. 15, ii.

www.malankaralibrary.com

തിനെ കൂടുതൽ ആഴത്തിൽ ഗ്രഹിക്കുന്നതിനും മററുള്ളവക്കു പകർന്നുകൊടുക്കുന്നതിനും പരിശ്രമിക്കുന്നവർ ഭാഗ്യവാന്മാരാണ്. സത്യം കണ്ടെത്താൻ പൂർണ്ണസത്യത്തെ സമാശ്ലേഷിക്കാൻവേണ്ടി വിശ്വാസത്തിന്റെ പ്രകാശത്താൽ നിങ്ങളെത്തന്നെ പ്രകാശിപ്പിക്കുക".[1]

## മനസ്സാക്ഷിയുടെ സ്വരം

ബുദ്ധിവഴി മനുഷ്യൻ തന്റെ ആത്യന്തികലക്ഷ്യത്തെക്കുറിച്ചു ബോധവാനാകുമെന്നു പറഞ്ഞുകഴിഞ്ഞുവല്ലോ. സമ്പൂർണ്ണസൗഭാഗ്യമായ ദൈവത്തിങ്കലേക്കുയരുവാൻ അവൻ ആഗ്രഹിക്കുന്നു. അനന്തതയിലേക്കുള്ള അവന്റെ പ്രയാണത്തിൽ സുചിന്തിതവും സുവ്യക്തവുമായ മാർഗ്ഗങ്ങളും വഴികാട്ടിയും അവനു വേണം. ആ ചൂണ്ടുപലകയും കൈനാട്ടിയും സ്വാഭാവികനിയമങ്ങളും ദൈവത്തിന്റെ കല്പനകളും മനഃസാക്ഷിയുമത്രേ. നന്മയെ സ്നേഹിക്കാനും തിന്മയെ ഉപേക്ഷിക്കാനും ആഹ്വാനംചെയ്തുകൊണ്ടു മനുഷ്യരുടെ ഉള്ളിന്റെ ഉള്ളിൽ അന്തഃസ്ഥിതമാണു മനസ്സാക്ഷി.[2] ഈ മനസ്സാക്ഷിയുടെ സ്വരം ആവശ്യഘട്ടങ്ങളിൽ 'ഇതു ചെയ്യുക', 'അതു വർജ്ജിക്കുക' എന്നൊക്കെ മന്ത്രിക്കുന്നുണ്ടായിരിക്കും. ഈ അന്തഃകരണം മനുഷ്യമഹനീയതയുടെ നിദർശനമെന്നു പറയാം.

ജീവജാലങ്ങളിൽ സ്വന്താസ്തിത്വം സുരക്ഷിതമാക്കാനുള്ളപ്രവണതപോലെ ധാർമ്മികതലത്തിൽ നന്മചെയ്യുവാനും

---

1. Quoted, in കൗൺസിൽ പ്രമാണരേഖകൾ (ധർമ്മാരാം, ബാംഗ്ളൂർ, 1967) p. 523

2. G. S. 16

www.malankaralibrary.com

തിന്മ നിരസിക്കാനുമുള്ള പ്രേരണ മനസ്സാക്ഷിവഴി ലഭിക്കുന്നു. "ഓരോ മനുഷ്യഹൃദയത്തിലും ആലേഖിതമാണ് മനസ്സാക്ഷിയുടെ നിയമം. അവൻ സ്വയം തന്റെമേൽ ആരോപിച്ചതല്ല. പ്രത്യുത, ഈ നിയമം അനുസരിക്കുവാൻ അവൻ നിർബന്ധിതനാകുകയാണ്. അല്ലെങ്കിൽ എന്തുമേതും ചെയ്താലും മനഃസ്സാക്ഷിക്കുത്ത് ഉണ്ടാകുമായിരുന്നില്ല".[1] മാനുഷികബഹുമാനം, പൊതുജനാഭിപ്രായം, വിദ്യാഭ്യാസം, പരിതോവസ്ഥകൾ, പാരമ്പരാഗതമായ അനുഷ്ഠാനം എന്നിവയായി മനസ്സാക്ഷിയെ ചിലർ തരംതാഴ്ത്താറുണ്ട്. നന്മയെ വിവിധ കാഴ്ചപ്പാടിലൂടെ സമീപിക്കുന്നതുകൊണ്ടു മനഃസ്സാക്ഷിയുടെ സ്വരത്തെ പലവിധത്തിലും വിവരിക്കപ്പെടുന്നു. മനസ്സാക്ഷി എന്തനുവദിക്കുന്നു എന്നതിലും കാണും,വിഭിന്നാഭിപ്രായങ്ങൾ. പക്ഷേ, ഒന്നു തീർച്ച. ഞാൻ ചെയ്യുന്ന പ്രവൃത്തി ആരും കാണുന്നില്ലെങ്കിലും ആർക്കും അതുകൊണ്ടു പ്രത്യക്ഷമായി ഉപദ്രവമൊന്നുമില്ലെങ്കിലും എന്റെ അന്തഃകരണം എനിക്കു താക്കീതു നല്കുകയും എന്നെ പ്രോത്സാഹിപ്പിക്കുകയും ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യും. നന്മചെയ്യുവാൻ എന്നെ പ്രേരിപ്പിക്കുന്നു, സഹായിക്കുന്നു. തിന്മ ചെയ്യുമ്പോളോ ചെയ്തതിനുശേഷമോ മനസ്സാക്ഷി എന്നെ കുററപ്പെടുത്തും.

മനസ്സാക്ഷിയുടെ വിധി വികാരങ്ങൾക്കു കീഴ്പ്പെടുന്നതല്ല; വെറും ഉപരിപ്ലവുമല്ല, മനസ്സാക്ഷി. മനുഷ്യമനസ്സിന്റെ അഗാധതയിൽനിന്നുയിരെടുക്കുന്ന ആന്തരികനിമന്ത്രണമത്രേ, ഇത്. ഇതിന്റെ സ്വരം അക്ഷരശഃ നിവർത്തിച്ചാൽ പരിപൂർണ്ണാനന്ദത്തിലേക്കു മനുഷ്യനെ നയിക്കും. അപ്പോൾ ജീവിതം മൂല്യമുററതും അർത്ഥവത്തുമായിബ്ഭവിക്കുന്നു. ഈ

---

1. G.S. 16

www.malankaralibrary.com

ശ്വരവിശ്വാസികളും നിരീശ്വരരും മനഃസ്സാക്ഷിക്കനുസൃതം ജീവിക്കുവാൻ പരിശ്രമിക്കുന്നതു അതുകൊണ്ടത്രേ.

## ദൈവത്തിൻെറ കല്പനകളും മനസ്സാക്ഷിയും

"കഴിഞ്ഞകാലങ്ങളിൽ മനുഷ്യർ കല്പനകളാൽമാത്രം ജീവിച്ചുപോന്നു; ഇന്നാകട്ടെ, മനസ്സാക്ഷിയുടെ സ്വരമനുസരിച്ചത്രേ മനുഷ്യൻ ജീവിക്കുക". അതിശയോക്തിയുടെ ഈ ജല്പനം പലരും ഉരുവിടാറുണ്ടു്. ഇന്നും മനുഷർ പ്രമാണങ്ങളനുസരിച്ചത്രേ ജീവിക്കുക. ഒരുപക്ഷേ, ഇന്നലെകളിൽ പ്രമാണങ്ങളുടെ അക്ഷരാർത്ഥത്തിലുള്ള അനുസരണത്തിനു പ്രാഥമ്യം നല്കിയിട്ടുണ്ടാവാം. ഇന്നു് മനുഷ്യൻ തൻെറ അസ്തിത്വപരമായ അവസ്ഥയിലേ കല്പനകളുടെ നിർവഹണത്തിനു ആക്കംകൊടുക്കുന്നുള്ളൂ. ചുരുക്കത്തിൽ, ദൈവിക നിയമവും സുശിക്ഷിതമായ അന്തഃകരണവും പരസ്പരപൂരകങ്ങളെന്നു പറയാം. നിശ്ചിതപ്രവൃത്തി നിശ്ചിതസമയത്തു ചെയ്യുവാൻ മനസ്സാക്ഷി ഒരുവനെ പ്രേരിപ്പിക്കുന്നു; അപ്പോൾ കല്പനയുടെ അക്ഷരാർത്ഥം നോക്കിയെന്നു വരികയില്ല. ഇവിടെ മനസ്സാക്ഷിയുടെ സ്വരത്തിന്നായിരിക്കും പ്രാമുഖ്യം. കാരണം, ധാർമ്മികബോധം മനുഷ്യനിൽ വളർന്നു വികസിക്കുകയാണ്. നന്മതിന്മകളുടെ വിവേചിച്ചറിയൽ കാലത്തിൻെറ ഗതിക്കൊത്തു പരിവർത്തനത്തിനു വിധേയമാകാം. അപ്പോൾ മനസ്സാക്ഷി നിയമത്തെ പുനഃപരിശോധിച്ചു് പുതിയ രൂപഭാവങ്ങളാവിഷ്കരിക്കും.

## അന്തഃകരണം ജീവിതത്തിൽ

ജീവിതത്തിൽ മനസ്സാക്ഷിക്കു് അതുല്യമായ സ്ഥാനമു

www.malankaralibrary.com

ണ്ട്. തെററായ മനസ്സാക്ഷിപോലും പ്രവൃത്തിചെയ്യുവാൻ നമ്മെ കടപ്പെടുത്തുന്നു (Cfr.റോമ.14, 23). സഭയുടെ കല്പനകളും രാഷ്ട്രത്തിൻെറ നിയമങ്ങളും മന:സാക്ഷിക്കു പ്രേരകമാകണം. പക്ഷേ, വ്യക്തിയുടെ സ്ഥൂലജീവിതം കണക്കിലെടുത്തുകൊണ്ടേ നിയമത്തിനു കീഴ്വഴങ്ങാവൂ. മധ്യശതകങ്ങളിൽ നിയമങ്ങളുടെ വസ്തുനിഷ്ഠതയ്ക്കു പ്രാഥമ്യംനല്കി, വ്യക്തിയുടെ ജീവിതപരിതോവസ്ഥകളെ താഴ്ത്തിക്കാണിച്ചു. ഇന്നു് വ്യക്തിയുടെ അനന്യതയ്ക്കും സ്വാതന്ത്ര്യത്തിനും തന്മൂലം സാഹചര്യത്തിനും പ്രാമുഖ്യം നല്കാൻ അതിയായ വെമ്പലുണ്ട്. ഈ പ്രവണത അനാശ്യാസമായി വളന്നു സാഹചര്യധാർമ്മികതയിൽ എത്തിനില്ക്കുന്നു. എന്നാൽ, വ്യക്തിയുടെ ആത്മാത്ഥതയ്ക്കും സാഹചര്യങ്ങളുടെ അനന്യതയ്ക്കും പ്രവൃത്തികളുടെ ധാമ്മികതയിലുള്ള പങ്കു വ്യക്തതരമാക്കുവാൻ സഹായിക്കാതിരിക്കുകയില്ല. അപ്പോഠംമാത്രമേ, സാർവത്രികതതചങ്ങഠംക്കതീതമായ മനസ്സാക്ഷിയുടെ വെളിച്ചത്തിൽ അനന്യമായ രീതിയിൽ പ്രത്യേകസാഹചര്യങ്ങളിൽ വ്യക്തി തീരുമാനമെടുക്കൂ. അങ്ങനെ, സാർവത്രികനിയമങ്ങളുടെ ചട്ടക്കൂട്ടിലുഠംപ്പെടുന്ന വ്യക്തിധാർമ്മികതയാവും കൂടുതൽ സ്വീകാര്യം.[1] വത്തിക്കാൻ കൗൺസിലും വസ്തുനിഷ്ഠമായ ധാർമ്മികക്രമത്തിൻെറ കർതൃനിഷ്ഠമായ നിർവഹണത്തിലാണു കാല്പന്നുക.[2]

## മന:സാക്ഷിയുടെ രൂപപ്പെടുത്തൽ

സമകാലികസന്മാർഗ്ഗദൈവവിജ്ഞാനീയത്തിൽ മനസ്സാ-

---

1. Cfr. K. Rahner, Theological Investigations, Vol. II (Baltimore, London, 1963) 217–234.

2. Cfr. G. S. 16

www.malankaralibrary.com

ക്ഷിക്ക അതുല്യമായ പ്രാധാന്യം നല്കുന്നു. കാരണം, വ്യക്തിയുടെ ശ്രേഷ്ഠതയും അവന്റെ സാഹചര്യങ്ങളും കൂടുതൽ പഠനവിധേയമാകുകയാണിന്ന്. അതോടൊപ്പം, നമ്മുടെ മൂല്യബോധം മൗലികമായി പുനഃപരിശോധിക്കുന്നുമുണ്ട്. കാലഹരണപ്പെട്ട നിയമങ്ങളുടെ തുടച്ചുമാററൽ ഇതിന് ആക്കംകൂട്ടുന്നു. ചരിത്രപരമായ ഈ പതിതോവസ്ഥകൾ മനസ്സാക്ഷിയെ രൂപപ്പെടുത്തുന്നതിൽ സഹായിക്കും. അസ്തിത്വതലത്തിൽ, ചരിത്രപരമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ നന്മചെയ്യുക, തിന്മ വർജിക്കുക—ഇതായിരിക്കണം മനസ്സാക്ഷിയുടെ കാതൽ. ക്രിസ്തുവും പ്രമാണങ്ങളുടെ കിള്ളിക്കീറിയുള്ള നിർവഹണം ആവശ്യപ്പെടുന്നില്ല.[1] ചരിത്രപരമായ വശങ്ങൾ കൂടാതെ സമൂഹവും മനസ്സാക്ഷിയുടെ രൂപപ്പെടലിൽ സാഹായിക്കാതിരിക്കില്ല. കാരണം, വ്യക്തി വളരുന്നതും വികസിക്കുന്നതും സമൂഹത്തിലൂടെയാണല്ലോ. അപ്പോൾ, സമൂഹത്തിന്റെ അന്തശ്ചോദനം അവന്റെ പ്രവൃത്തികളെ സ്പർശിക്കും; തീർച്ച.

## സ്വാതന്ത്ര്യത്തിന്റെ ഔന്നത്യം

അനന്തതയിലേക്കുള്ള പ്രയാണത്തിൽ മാനുഷികപ്രവൎത്തനങ്ങളുടെ ചുക്കാൻപിടിക്കുന്നതു സ്വാതന്ത്ര്യമത്രേ. സ്വാതന്ത്ര്യം മനുഷ്യന്റെ ശ്രേഷ്ഠത വ്യക്തമാക്കുന്നു. മനുഷ്യവ്യക്തിത്വം വികസ്വരമാകുന്നതും സ്വതന്ത്രമായ പ്രവൎത്തനങ്ങളിലൂടെയാണ്. "സമകാലീനർ ഈ സ്വാതന്ത്ര്യത്തെ വിലമതിക്കുകയും അതിനെ സോത്സാഹം പി

1. Cfr. മത്താ. 12, 3–4

www.malankaralibrary.com

ന്നുടരുകയും ചെയ്യുന്നു''.[1] ജീവിതത്തിന്റെ കാതൽ സ്വാതന്ത്ര്യമെന്നു ഉദ്ഘോഷിച്ചവർ അവസാനം ചെന്നെത്തിയതു്, പൊള്ളയായ സ്വാതന്ത്ര്യത്തിലും. സ്വാതന്ത്ര്യത്തിന്റെ വൈതാളികരായ സാർത്രും കാമുവും നിസ്വാതന്ത്ര്യതയിൽ വീർപ്പുമുട്ടുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി ഏറ്റേറെ അഭിലഷിക്കുന്ന ഇന്നിന്റെ മനുഷ്യൻ മാനസികവും സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ അടിമത്തത്തിൽ അമർന്നമരുകയാണു്. ശാസ്ത്രീയസാങ്കേതികനേട്ടങ്ങൾ മനുഷ്യനെ അവയുടെ അടിമയാക്കുന്നു. യന്ത്രവത്കൃതയുഗത്തിലെ മനുഷ്യൻ ഉല്പാദനോപകരണങ്ങളിലെ പൽചക്രമായി തരംതാഴുന്നു. ബൗദ്ധികമായ സ്വാതന്ത്ര്യം മാർക്സിസ്റ്റു രാജ്യങ്ങളിൽ ചതുരവൃത്തമാണിന്നും.

## സ്വാതന്ത്ര്യം ആധുനികചിന്തയിൽ

സമകാലികചിന്തയിൽ മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ചു് കനപ്പെട്ട പഠനങ്ങളും പുത്തനാഭിമുഖ്യങ്ങളും ഉരുത്തിരിയുന്നുണ്ടു്. കാന്റും ഹേഗലും സ്പിനോസയും യുക്തിയുടെ ശൈലിയിൽ സ്വാതന്ത്ര്യത്തെ വിവരിച്ചു. ഈ അപഗ്രഥനം ആധുനികചിന്ത ഇഷ്ടപ്പെടുന്നില്ല. സ്വാതന്ത്ര്യത്തിന്റെ ഇന്നത്തെ സമീപനം അസ്തിത്വാത്മകവും പ്രാതിഭാസികവുമാണു്. ജീവിതത്തിലും ജീവിതത്തോടുമുള്ള ശ്രദ്ധ, വർത്തമാനകാലത്തിലുള്ള താല്പര്യം, മനസ്സാന്നിദ്ധ്യം എന്നൊക്കെ സ്വാതന്ത്ര്യത്തെ അവർ വിശേഷിപ്പിക്കാറുണ്ടു്.

അസ്തിത്വവാദത്തിന്റെ പ്രണേതാക്കൾ സ്വാതന്ത്ര്യത്തിന്റെ കാവൽക്കാരായി പ്രത്യക്ഷപ്പെട്ടു. "തീരുമാനങ്ങളെടുക്കുന്ന ജീവി"യെന്നു മനുഷ്യനെ നിർവ്വചിച്ചപ്പോൾ മനു

1. G.S. 17

www.malankaralibrary.com

ഷ്യൻ സ്വാതന്ത്ര്യമാണെന്ന നിഗമനത്തിലെത്തി, ഹൈഡഗ്ഗർ. എല്ലാമൂല്യങ്ങളേയും സൃഷ്ടിക്കുന്നതു മനുഷ്യസ്വാതന്ത്ര്യമെന്നു സാർത്ര് അഭിപ്രായപ്പെടുന്നു. അസ്തിത്വസിദ്ധാന്തത്തിന്റെ പ്രവാചകനായ കീർക്കെഗോർ സ്വാതന്ത്ര്യത്തെ പരമമായ ആരംഭമെന്നു വിശേഷിപ്പിച്ചു. സ്വാതന്ത്ര്യത്തിലൂടെ മനുഷ്യൻ തന്നെത്തന്നെ തിരഞ്ഞെടുക്കുന്നു. അദ്ദേഹത്തിന്റെ അഭിമതത്തിൽ, താൻ എന്തായിത്തീരണമോ അതായിത്തീരുവാൻ സ്വയം തിരഞ്ഞെടുപ്പിലൂടെ പരിശ്രമിക്കുന്നതിലത്രേ സ്വാതന്ത്ര്യത്തിന്റെ കാതൽ അടങ്ങിയിരിക്കുക.

ഹൈഡഗ്ഗർ സ്വാതന്ത്ര്യത്തെ വിവിധ കാഴ്ചപ്പാടുകളിലൂടെ നോക്കിക്കാണുന്നു. ലോകത്തിലേക്കെറിയപ്പെട്ടിരിക്കുന്നതും മരിക്കുവാൻ വിധിക്കപ്പെട്ടിരിക്കുന്നതുമായ സത്തയായ മനുഷ്യൻ സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കണം. ലോകത്തേയും മരണത്തേയും സ്വതന്ത്രമായി ആശ്ലേഷിക്കുകയത്രേ അവന്റെ മൗലികധർമ്മം. നമ്മുടെ സിദ്ധികളുടെ തിരഞ്ഞെടുപ്പിലൂടെ നമ്മുടെ അസ്തിത്വത്തെത്തന്നെ തിരഞ്ഞെടുക്കുന്നു. ഇവയെക്കാളുപരി സർവാതിരികതസ്വാതന്ത്ര്യംകൂടിയുണ്ട്. അതുവഴി നാം ശൂന്യതയിൽനിന്നു ബഹിർഗമിക്കുകയും ലോകത്തെ നമ്മുടെമുന്നിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. അസ്തിത്വത്തിന്റെ പ്രഥമമായ ഉദ്ഗമന (springing up) മായി കാറൽ ജാസ്പേഴ്സ് സ്വാതന്ത്ര്യത്തെ വിശേഷിപ്പിക്കും. ഭൗതികതലത്തെ അതിഗമിച്ച് സ്വയംരൂപപ്പെടുകവാൻ സ്വാതന്ത്ര്യം സഹായിക്കും, അദ്ദേഹത്തിന്റെ അഭിമതത്തിൽ. നിരീശ്വരവാദികളായ അസ്തിത്വചിന്തകർ സ്വാതന്ത്ര്യം മനുഷ്യനെ നിരാശതയിലേക്കു നയിക്കുമെന്നു ഉദ്ഘോഷിക്കുമ്പോൾ ഗബ്രിയേൽ മാർസൽ ശുഭാപ്തിവിശ്വാസത്തിലേക്കുള്ള "ആനവാതിലാ"യി സ്വാതന്ത്ര്യത്തെ പ്രതിഷ്ഠിക്കുന്നു. നിരാശതയെ സത്തയുടെ അഗാധതലങ്ങളി

www.malankaralibrary.com

ലേക്ഷ കൊണ്ടെത്തിക്കുന്ന ദാർശനികമായ ജീവിതവീക്ഷണംകൊണ്ടു് മായിക്കുവാൻ കഴിയുമെന്നു മാർസലിനു ദൃഢവിശ്വാസമുണ്ടു്. സാർത്രിന്റെ പൊള്ളയായ സ്വാതന്ത്ര്യത്തെപ്പററി മുകളിലുദ്ധരിച്ചുവല്ലോ. അസ്തിത്വവാദികൾ സ്വാതന്ത്ര്യത്തെപ്പററി വിവിധകാഴ്ചപ്പാടിലൂടെ നോക്കിക്കണ്ടപ്പോൾ മാർക്സിസ്ററുകൾ അതിനെ പൂർണ്ണമായി നിഷേധിക്കുകയാണു ചെയ്തതു്. ആവശ്യകതയുടെ നിയമത്തിനു് വിധേയമത്രേ സ്വാതന്ത്ര്യമവർക്കു്. അപ്പോൾ സ്വാതന്ത്ര്യത്തിന്റെ കാതലായ തിരഞ്ഞെടുപ്പിനു സ്ഥാനമില്ലാതെ വരുന്നു. മററുവാക്കുകളിൽ, സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നുവെന്നു സാരം.

## എന്താണു സ്വാതന്ത്ര്യം?

"ചങ്ങലകളാൽ ബന്ധിതനായി മനുഷ്യൻ ജനിക്കുന്നു" വെന്നു റൂസ്സോ തന്റെ രാഷ്ട്രമീമാംസയിൽ പറഞ്ഞിട്ടുണ്ടു്. പക്ഷേ, റൂസ്സോ വിഭാവനംചെയ്യുന്ന സ്വാതന്ത്ര്യം ഏന്തുമേതും ഇഷ്ടമുള്ളതുപോലെ ചെയ്യുവാനുള്ള ലൈസൻസാണു്. സമകാലികരും ഇത്തരത്തിലുള്ള അഭിപ്രായങ്ങൾ പറഞ്ഞുപിടിപ്പിക്കുന്നുണ്ടു്. "ഇഷ്ടമുള്ളതെന്തും തിന്മയായതുപോലും ചെയ്യാനുള്ള അനുവാദംപോലെ സ്വാതന്ത്ര്യത്തെ അനാവശ്യമായി വളർത്തിയെടുക്കുന്നവരുണ്ടു്".[1] ഫ്രോയിഡിന്റെ ചിന്തയുടെ മറവിൽ മനുഷ്യൻ ലൈംഗികവികാരപ്രചോദിതമൃഗമെന്നുപറഞ്ഞു തോന്നുന്നതെന്തും ചെയ്യുവാൻ ചിലർ മടിക്കുന്നില്ല. ഇതരർ മനുഷ്യപ്രവാഹത്തിലെ വെറുമൊരു ബിന്ദുവായി വ്യക്തിയെ കരുതി സ്വാതന്ത്ര്യത്തെ ദുരുപയോഗി

1. G.S. 17



www.malankaralibrary.com

ക്കുന്നു. ഈദൃശ്യചിന്താസരണികൾ വികലമെന്നു വ്യക്തമാണല്ലോ.

സാമാന്യമായി പറഞ്ഞാൽ, നിർബന്ധമില്ലാതിരിക്കുന്ന അവസ്ഥയാണ് സ്വാതന്ത്ര്യം. അടിച്ചേല്പിക്കലിന്റെ (restraint) അഭാവം അതിലുണ്ട്. ഇത് ആവശ്യകതയുടെ നിയമത്തിൽനിന്നു നമ്മെ വിമുക്തരാക്കുന്നു. ഈ സ്വാതന്ത്ര്യത്തെ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമെന്നു തോമിസ്റ്റുകൾ വിളിക്കും. ആദ്യത്തെ സ്വാതന്ത്ര്യം മനസ്സിന്റെ അടിസ്ഥാനസ്വഭാവമായി ഒന്നിച്ചിരിക്കുന്നു. രണ്ടാമത്തേതു ഉന്നതരൂപത്തിലുള്ള സ്വാതന്ത്ര്യമത്രേ. സ്വായത്തതയുടെ സ്വാതന്ത്ര്യമെന്നതിനെ വിശേഷിപ്പിക്കുന്നു, മാരിററയിൻ.

സ്വാതന്ത്ര്യത്തിന്റെ പ്രവർത്തനത്തെക്കൂടി അപഗ്രഥിക്കുന്നുണ്ട്, തോമിസ്റ്റു ചിന്തകർ. ബുദ്ധിയിലധിഷ്ഠിതമത്രേ സ്വാതന്ത്ര്യം. ബുദ്ധി ചൂണ്ടിക്കാട്ടുന്ന നന്മയുടെ വെളിച്ചത്തിൽ അതിനു് ആകർഷണാവിധേയമായി ഇച്ഛാശക്തി പ്രവർത്തിക്കുന്നു. നന്മയെ ആഗ്രഹിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതു് ഇച്ഛയത്രേ. നന്മയെ മാത്രമേ അതു സ്നേഹിക്കൂ. പക്ഷേ, ബുദ്ധിക്കു നന്മയെന്നു തോന്നുന്നതു എപ്പോഴും നന്മയായിരിക്കണമെന്നില്ല. അങ്ങനെ, നന്മയെ അഭിലഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന അവശ്യനിയമത്തിലത്രേ സ്വാതന്ത്ര്യമടങ്ങിയിരിക്കുക. നന്മയെ സ്വീകരിക്കുന്ന ഇച്ഛ തിന്മയെ നിരസിക്കുന്നു. പക്ഷേ, ഇച്ഛയെ തൃപ്തിപ്പെടുത്തുവാൻ പരിമിതനന്മകൾക്കു സാദ്ധ്യമല്ല. അതു അനന്തവും അപരിമേയവുമായ സമ്പൂർണ്ണനന്മയെത്തേടുന്നു. പരിമിതവസ്തുക്കളിൽ നന്മയുണ്ടെങ്കിലും പരമനന്മയുടെ അഭാവം ആ വസ്തുവിനെ അപൂർണ്ണമാക്കുന്നു. അപ്പോൾ, പരിമിതവസ്തുക്കളെക്കുറിച്ചു് അന്ത്യതീരുമാനമെടുക്കുവാൻ ബുദ്ധിക്കു സാധിക്കാതെ വരും. ഇവിടെ ഇച്ഛയുടെ ആഗ്രഹത്തിനു വിധേയമാകേണ്ട

www.malankaralibrary.com

വസ്തുവിനെ നിർദ്ദേശിക്കുവാൻ ഇച്ഛതന്നെ ബുദ്ധിയെ പ്രേരിപ്പിക്കുന്നു. അതുകൊണ്ടാവാം, നന്മ തിരഞ്ഞെടുക്കുവാനുള്ള കഴിവത്രേ സ്വാതന്ത്ര്യത്തിന്റെ കാതലെന്നു ഹേറിംഗ് പറഞ്ഞതു്.[1]

## സ്വാതന്ത്ര്യത്തിന്റെ നിദാനം

സ്വാതന്ത്ര്യത്തിന്റെ സ്വഭാവവും പ്രവർത്തനവും വ്യക്തമായി. എന്താണു് ഈ സ്വാതന്ത്ര്യത്തിന്റെ നിദാനം? കൗൺസിൽതന്നെ ഉത്തരം പറയും: "മനുഷ്യനിലുള്ള ദൈവികസാദൃശത്തിന്റെ അന്യാദൃശമായ അടയാളമത്രേ ശരിയായ സ്വാതന്ത്ര്യം കാരണം, സ്വന്തതീരുമാനങ്ങളുടെ നിയന്ത്രണത്തിൽ മനുഷ്യൻ വ്യാപരിക്കണമെന്നത്രേ ദൈവേഷ്ടം. എങ്കിൽ മാത്രമേ തന്റെ സ്രഷ്ടാവിനെ സ്വമേധയാ അന്വേഷിക്കുവാനും അവിടുത്തോടുള്ള സ്നേഹഭക്തിയിലൂടെ കേവലവും പരമാനന്ദനിർഭരവുമായ പൂർണ്ണിമയിലേക്കു സ്വതന്ത്രമായി വരുവാനും അവനു കഴിയുകയുള്ളൂ".[2] ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ത്രിവിധ സ്വാതന്ത്ര്യത്തെപ്പറ്റി വി. ബർണാർഡ് പ്രസ്താവിക്കുന്നുണ്ടു്: "ആദ്യത്തേതു് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമത്രേ. ഈ സ്വാതന്ത്ര്യം ദൈവത്തിന്റെ സ്വാതന്ത്ര്യത്തിലുള്ള ഭാഗഭാഗിത്വമാണു്. മാധ്യസ്ഥികസ്വാതന്ത്ര്യമെന്നും ഇതിനെ വിളിക്കാം. ആവശ്യകതയിൽനിന്നുള്ള സ്വാതന്ത്ര്യം ഇതു പ്രദാനംചെയ്യുന്നു; ഇതു് പ്രകൃതിയുടെ സ്വാതന്ത്ര്യമത്രേ; നശിപ്പിക്കപ്പെടാവുന്നതല്ല; നഷ്ടപ്പെടുത്താവുന്നതല്ല. ര

1. Cfr. Law of Christ Westminister, Md, 1961, vol I. p. 99

2. G.S. 17

www.malankaralibrary.com

ങ്ങാമത്തേതു്, ശരിയായി തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമത്രേ. ദൈവികജ്ഞാനത്തിലുള്ള പങ്കാളിത്തംവഴി ഇതു ലഭിക്കുന്നു; സദ്വിവേചനസ്വാതന്ത്ര്യമെന്നും വിളിക്കും. ഇതു പാപത്തിൽനിന്നുള്ള മോചനം പ്രദാനംചെയ്യുന്നു. പ്രസാദവരത്തിന്റെ സ്വാതന്ത്ര്യമാകയാൽ ഇതു നഷ്ടപ്പെടാം. എന്നാൽ, വീണ്ടെടുക്കുകയും ചെയ്യാം. അവസാനമായി, തിരഞ്ഞെടുപ്പു പ്രാവർത്തികമാക്കുവാനുള്ള സ്വാതന്ത്ര്യമത്രേ. ദൈവികശക്തിയിലുള്ള ഭാഗഭാഗിത്വമത്രേ ഇതു്. ആനന്ദദായകസ്വാതന്ത്ര്യമെന്നും ഇതിനു് പേരുണ്ടു്. ഇതു ദുരിതത്തിൽനിന്നുള്ള സ്വാതന്ത്ര്യം പ്രദാനംചെയ്യുന്നു. മഹത്വത്തിന്റെ സ്വാതന്ത്ര്യമത്രേ ഇതു്, ഈ ലോകത്തിൽ ഭാഗികമായി ലഭിക്കും, സ്വർഗ്ഗത്തിൽ പൂർണ്ണമായും.[1] മനുഷ്യന്റെ അധഃപതനത്തിനുശേഷം തിരഞ്ഞെടുക്കുവാനുള്ള അടിസ്ഥാനപരമായ സ്വാതന്ത്ര്യമേ അവൻ ആസ്വദിക്കുന്നുള്ളൂ. പാപംമൂലം മനുഷ്യസ്വാതന്ത്ര്യം ക്ഷയോന്മുഖമാകയാൽ ദൈവപ്രസാദവരത്തിന്റെ സഹായംകൊണ്ടുമാത്രമേ അവിടുത്തോടുള്ള ബന്ധം അതിന്റെ പൂർണ്ണവികാസത്തിലേക്കു പ്രത്യാനയിക്കുവാൻ മനുഷ്യനു സാധിക്കൂ. അതുകൊണ്ടു്, "പാപത്തിന്റെ പ്രേരണകളിൽനിന്നു വിമുക്തനായി സ്വമേധയാ നന്മയെ തിരഞ്ഞെടുക്കുന്നതിൽ തന്റെ ലക്ഷ്യത്തെ പിന്തുടരുകയും ഫലപ്രദവും ബുദ്ധിപൂർവ്വകവുമായ കർമ്മപരിപാടികളിലൂടെ അതിനനുഗുണമായ മാർഗ്ഗങ്ങൾ തനിക്കായി സമ്പാദിക്കുകയും ചെയ്യുമ്പോൾ മനുഷ്യൻ തന്റെ മഹനീയത നേടിയെടുക്കുകയാണു്".[2]

---

1. Cfr. റൈമണ്ഡ്, നീ tr. (മാത്യു ചേരിപുറം & Co. എസ്. എച്ച്, ലീഗ്, ആലുവ, '64) 205

2. G.S. 17

www.malankaralibrary.com

# മനുഷ്യനും ദൈവവും

പ്രപഞ്ചത്തിന്റെ കേന്ദ്രവും അധിപനുമായ മനുഷ്യൻ തന്റെ ബുദ്ധിപ്രാഭവവും മനഃസാക്ഷിയുടെ സ്വരവും സ്വാതന്ത്ര്യത്തിന്റെ ഔന്നത്യവുംവഴി ഉന്നതങ്ങളിലേക്കുയരുവാൻ അക്ഷുണ്ണമായി അഭിലഷിക്കുന്നുവെന്നു മുൻപേജുകളിൽനിന്നു വ്യക്തമായല്ലോ. ബ്ളോണ്ടലിനേയും മരേഷാളിനേയും പിന്തുടരുന്ന തോമിസ്ററുകൾ അനന്തതയിലേക്കു ന്മുഖനായ സത്തയാണു മനുഷ്യനെന്നു വ്യക്തമാക്കുന്നുണ്ട്. ബുദ്ധിയും ഇച്ഛയുംവഴി സീമിതസത്തകളെ പിന്നിട്ടു സർവാതിരിക്തമായതിനെ ലക്ഷ്യമാക്കി മുന്നോട്ടായുന്നു, മനുഷ്യാസ്തിത്വം. മനുഷ്യന്റെ ബോധവും മനസ്സാക്ഷിയും സ്വാതന്ത്ര്യവും അനന്തതയുടെ ചക്രവാളങ്ങളിൽ കണ്ണുനട്ടിരിക്കുകയത്രേ. ആ സമ്പൂർണ്ണസത്തയിൽ വിലയംപ്രാപിക്കാനുള്ള അദമ്യമായ അഭിവാഞ്ഛ ഓരോ മനുഷ്യഹൃദയത്തിലുമുണ്ട്. വിശ്വാകവാടംതന്നെയും മനുഷ്യരെ തൃപ്തിപ്പെടുത്തുകയില്ല. ലോകത്തിന്റെ മുഴുവൻ വിജിഗീഷുവായ അലക്സാണ്ഡർ ശൂന്യമായ ഹൃദയത്തോടെ മരണസമയത്തു കരഞ്ഞു. ലെനിനും ഹിററ്ലറിനും അതേ അനുഭവം ഉണ്ടായി. "ദൈവം മരിച്ചുപോയി" എന്നുൽഘോഷിച്ച നിഷേതന്റെ ഉള്ളിന്റെ ഉള്ളിൽ കട്ടത്ത നിരാശതയുടെ കരിനിഴലുകൾ കുമിഞ്ഞുകൂടിയിരിക്കുന്നതു കണ്ടു. ഈശ്വരനുണ്ടായിരിക്കുക സാധ്യമല്ലെന്നു പഠിപ്പിച്ച സാർത്രിയൻചിന്ത ഈശ്വരനിഷേധംകൊണ്ടു ജീവിതം പ്രയാസമേറിയതെന്നു കാണിച്ചുകൊടുക്കുന്നുണ്ട്.

മനുഷ്യന്റെ മഹനീയതക്കു മുഖ്യനിദാനം, ദൈവവുമാ

www.malankaralibrary.com

യി ഐക്യപ്പെടുവാനുള്ള ആഹ്വാനമത്രേ.[1] സമ്പൂർണ്ണജീവനും സനാതനസത്യവും അനന്തസ്നേഹവുമായ ദൈവവുമായി അടുത്താഭിമുഖ്യം പുലത്തുവാൻ മനുഷ്യനിലെ മനുഷ്യനു കഴിയും, തൻെറ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനുമായി സമാഗമിക്കുവാൻ (to encounter) ദൈവം അവനെ ക്ഷണിച്ചു. സ്നേഹപൂർണ്ണമായ ആ ക്ഷണത്തിൻെറ കഥ വി. ഗ്രന്ഥത്തിലുടനീളം കാണാം. ആ ദൈവികക്ഷണത്തിനു സ്വതന്ത്രമായി പ്രത്യുത്തരം നല്കുകയത്രേ മനുഷ്യൻെറ ദിവ്യാഹ്വാനംതന്നെ. മനുഷ്യനിലെ ദൈവികസാദൃശ്യത്തെ വികസ്വരമാക്കുക—അതാണ് അവൻെറ വിളിയുടേയും പ്രത്യർപ്പണത്തിൻേറയും കാതൽ.

മനുഷ്യവ്യക്തിത്വം വികസ്വരമാകുന്നതും ദൈവത്തോടുള്ള മനുഷ്യൻെറ ഉദ്യുക്തത (commitment) വഴിയത്രേ. ദൈവികസാദൃശ്യം പൂർണ്ണതരമായി വളർത്തിയെടുക്കുക അവൻെറ കർത്തവ്യമാണ്. ദൈവത്തിൻെറ ജീവനിൽ ഭാഗഭാക്കായ, ക്രിസ്തു പരിത്രാണം ചെയ്യപ്പെട്ട മനുഷ്യവ്യക്തി അവിടുത്തെ പൂർണ്ണിമയിലേക്കെത്തുക അവശ്യാവശ്യകമല്ലോ. അതുകൊണ്ടാണു കൗൺസിൽ പറഞ്ഞതു്: ഓരോ ക്രൈസ്തവനും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നുവെന്ന്.[2] "മനുഷ്യരുടെ വിശുദ്ധീകരണം: ഇതാണു ദൈവേഷ്ടം" (1 തെസ്സ. 4, 3; എഫേ. 1, 4). വിശുദ്ധിയിലേക്കുള്ള ഈ വിളി മനുഷ്യൻെറ ദൈവികൈക്യത്തിനുള്ള ആഹ്വാനത്തെ സാധിതമാക്കും.

ദൈവികൈക്യത്തിലേക്കുള്ള ഈ ആഹ്വാനത്തെ, അവഗാഢവും ജീവാത്മകവുമായ ഈ ബന്ധത്തെ സമകാലീന

1 G. S. 10.
2 തിരുസ്സഭ, 39.

www.malankaralibrary.com

രിൽ ഒട്ടേറെപ്പേർ അവഗണിക്കുകയോ വ്യക്തമായി ത്യജി ക്കുകയോ ചെയ്തുകൊണ്ടിരിക്കുന്നു.[1] ഈശ്വരനിഷേധത്തി ന്റെ പ്രയോക്താക്കളും പ്രവാചകരുമായിക്കഴിയുന്നു, ആധു നികചിന്തകർ. ഈശ്വരനിഷേധത്തെപ്പററി സമ്യക്കായ പഠനം ഈ അധ്യായത്തിലുണ്ട്.[2] അതേപ്പററി പരിചിന്തി ക്കുവാൻ ഒരുമ്പെടുന്നില്ലിവിടെ.

## മനുഷ്യനും സമൂഹവും

മനുഷ്യവ്യക്തിത്വത്തിന്റെ വികസ്വരക്ഷ ദൈവാ ഭിമുഖ്യത്തിനുശേഷം സമൂഹമാണു കൂടുതൽ സഹായകമാകു ക. മനുഷ്യാസ്തിത്വം സാരാംശികമായും സാമൂഹികമാണ്. "മനുഷ്യൻ സാമൂഹികജീവി"യെന്നു പണ്ടേ അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുമുണ്ട്. സമൂഹത്തോടു സമ്പർക്കംപുലർത്താതെ മനു ഷ്യന്റെ വ്യക്തിത്വം വളരുകയില്ല. അവന്റെ പ്രാഥമി കാവശ്യങ്ങൾ നിറവേററുന്നതിനും ആശയങ്ങൾ ആവിഷ്ക രിക്കുന്നതിനും ഇതരരുടെ സഹായ്യം വേണം. സമൂഹത്തി ന്റെ ആണിക്കല്ലായ കുടുംബം മനുഷ്യശിശുവിനെ ശാരീരി കവും മാനസികവും ബൗദ്ധികവുമായി വളർത്തിയെടുക്കു വാൻ യത്നിക്കുന്നു. കുടുംബത്തിലെ പരസ്പരസഹായവും ത്യാ ഗസന്നദ്ധതയും സ്നേഹവും ബഹുമാനവും ശിശുവിനു സമൂ ഹമധ്യത്തിൽ വ്യക്തിത്വംവളരുവാൻ സഹായിക്കുന്നു. മ നുഷ്യന്റെ വിദ്യാഭ്യാസത്തിന്റെ പ്രാഥമികലക്ഷ്യവും വ്യ ക്തിത്വത്തിന്റെ വളർച്ചയാണല്ലോ. ആ വികസനം ബൗ ദ്ധികവും ശാരീരികവും മാനസികവുമായ മണ്ഡലങ്ങളിൽ സാധിക്കാതിരിക്കില്ല. സമൂഹങ്ങൾ ചേർന്നുണ്ടാകുന്ന രാ

---

1 G. S. 19.
2 G. S. 19-21.

www.malankaralibrary.com

ഷ്ട്രം വ്യക്തിയുടെ നന്മക്കുവേണ്ടി പ്രവർത്തിക്കുന്നു. അവന്റെ അവകാശങ്ങളെ സംരക്ഷിക്കുകയും വ്യക്തികളുടെ പൊതുനന്മക്കുവേണ്ടി പ്രവർത്തിക്കുകയുമത്രേ, രാഷ്ട്രം ചെയ്യുക. അതുപോലെ സാംസ്കാരികസംഘടനകളും മതസമൂഹങ്ങളും വ്യക്തിയുടെ വിവിധമണ്ഡലങ്ങളെ വികസ്വരമാക്കുകയത്രേ.

സമൂഹം നിലനില്ക്കുന്നതു വ്യക്തിയുടെ ഉന്നമനത്തിനാത്രേ; വ്യക്തിസമൂഹത്തിന്റെ അഭ്യുന്നതിക്കുള്ള ഉപകരണം മാത്രമായി താഴരുത്. മാർക്സിസത്തിന്റെ മൗലികപ്രമാദം, വ്യക്തിയെ സമൂഹത്തിലെ പൽചക്രമായി എണ്ണിയതത്രേ; കമ്മ്യൂണിസ്റ്റുരാജ്യങ്ങളിൽ വ്യക്തി ഉല്പാദനോപകരണങ്ങളിലെ ഘടകംമാത്രം. വ്യക്തിയുടെ ഊഷരഭൂമിയിലൂടെ വ്യക്തിയെ മനനം ചെയ്ത ഹെഗേലിയൻ പ്രതിഭ സമൂഹത്തെ ദൈവമായി ഉയർത്തി; മനുഷ്യവ്യക്തിക്കാകട്ടെ, പ്രാധാന്യമൊട്ടുമില്ലതാനും. നാസിസവും ഫാസിസവും വർഗ്ഗത്തിന്നത്രേ പ്രാമുഖ്യംകൊടുക്കുക. ആ വർഗ്ഗഭ്രാന്തിന്റെ ജുഗുപ്സാവഹമായ നിദർശനങ്ങളാണ്, ഡക്കാവിലേയും ഓഷ്‌വിററ്സി (Auschwitz) ലേയും ഗ്യാസ്ചേമ്പറുകൾ. വർണ്ണവിവേചനത്തിന്റെ കരാളതയും വ്യക്തിയെ മാനിക്കാതെ സമൂഹത്തെ ഉയർത്തിക്കാട്ടുന്നതിലാണ്, ഉൾക്കൊള്ളുക.

മനുഷ്യനിലെ മനുഷ്യനെ മാനിക്കണമെങ്കിൽ അവനിലെ ദൈവികസാദൃശ്യം അംഗീകരിക്കണം. ഈശ്വരനെ പുറംതള്ളിയ സാർത്ര്പ്രഭൃതികൾ ഇതരമനുഷ്യരേയും ഭേഷിക്കുന്നു. അവരുടെ പ്രപഞ്ചത്തിൽ ദൈവത്തിനു കൂടാരമില്ല; സഹോദരനും. "എന്റെ നരകം അയല്ക്കാരനല്ലാതെ മറെറാന്നുമല്ല" എന്നു സാർത്ര് തന്നെ പറഞ്ഞിട്ടുണ്ട്. അപ്പോൾ ഇതരർ എനിക്കു പ്രദർശനവസ്തുക്കൾമാത്രം. അവി

www.malankaralibrary.com

ടെ സ്നേഹം പൊയ്മുഖമായി മാറുന്നു. ഇതരനെ എന്റെ അഗ്രഹാഭിലാഷങ്ങൾക്കനുസൃതം ഞാൻ ഉപയോഗിക്കും. ഇതരനെ "മറെറാരു ഞാൻ", "നീ"യായി കരുതണമെങ്കിൽ ഒരേ ഞെട്ടിൽ വിടരണം മൂന്നു പൂക്കൾ—ദൈവം, ഞാൻ, നീ. അവിടെ സമൂഹം ഉരുത്തിരിയുന്നു. അതിലെ വ്യക്തികൾ സമഗ്രമായി വളരുന്നു.

വ്യക്ത്യുൽകർഷത്തിന്റെ നിദാനം സമൂഹത്തിലെ സ്നേഹമത്രേ. വ്യക്തിയും വ്യക്തിയും തമ്മിൽ അസ്തിത്വത്തിൽ സമാഗമിക്കുമ്പോൾ സ്നേഹമുത്ഭവിക്കുന്നു. നിസ്വാർത്ഥമായി എന്നെത്തന്നെ ഇതരനു സ്വയം സമർപ്പിക്കുന്നു; ഇതരൻ എന്നെ സ്വീകരിക്കുകയും ചെയ്യുന്നു. എന്നെപ്പോലൊരു വ്യക്തിയായി, എന്റെ വ്യക്തിത്വത്തിന്റെ അഗാധതയെ സ്പർശിക്കുന്ന, എനിക്കു സ്വയം സമർപ്പിക്കുവാൻ കഴിവുള്ള മറെറാരു നീയായി ഇതരനെ കണക്കാക്കുമ്പോൾ പരസ്പരം സ്നേഹവിഷയമാകുവാൻ സാധിക്കുന്നു. അപ്പോൾ വ്യക്തിയെ വസ്തുവായി കരുതുന്നില്ല, സ്വാർത്ഥപൂരണത്തിനുള്ള സാധനമായി താഴ്ത്തപ്പെടുന്നില്ല. അങ്ങനെ അപരനോടുകൂടെയായിരിക്കുമ്പോൾ രണ്ടുപേരുടേയും വ്യക്തിത്വം സമഗ്രമായി വളരുന്നു. സംഭാഷണതലത്തിലും ഈ മനോഭാവമാണു വേണ്ടത്. ഇത്തരം സ്നേഹമാണു ക്രിസ്തു തന്റെ ശിഷ്യരിൽനിന്നു് ആവശ്യപ്പെടുക (cfr. മത്താ: 22, 39). ആ സഹോദരസ്നേഹത്തിന്റെ പ്രതീകമായിരുന്നു സ്വയം സഹോദരനുവേണ്ടി ബലിയർപ്പിച്ച ക്രിസ്തു; അത്തരം പരിപാവനമായ സ്നേഹത്തിൽനിന്നേ വ്യക്തിത്വം വികസ്വരമാകൂ.

www.malankaralibrary.com

## മനുഷ്യനും ലോകവും

മനുഷ്യവ്യക്തി വികസിക്കുന്നതു ദൈവത്തോടും സമൂഹത്തോടും ലോകത്തോടുമുള്ള ആഭിമുഖ്യംവഴിയത്രേ. ലോകത്തിൽ പാദമൂന്നിയാണ് അവൻ വളർച്ചയിലെത്തുക. ലോകത്തോടും അതിന്റെ ചരിത്രത്തോടും അത്രമാത്രം ഗാഢബദ്ധനാണവൻ. അപ്പോൾ, മെച്ചപ്പെട്ടൊരു ലോകത്തിന്റെ പടുത്തുയർത്തലിനു സാധകമായ സംഭാവന ചെയ്യുവാൻ മനുഷ്യൻ കടപ്പെട്ടവനത്രേ. ലോകത്തിന്റെ അഭിവൃദ്ധി മാനുഷികജീവിതത്തെ കൂടുതൽ മാനുഷികവും ജീവിതവ്യവുമാക്കും. ലോകത്തിന്റെ വികസനത്തോടൊപ്പം വ്യക്തികളുടെ വളർച്ചയും പ്രാപിക്കുന്നു. അതുകൊണ്ടായിരിക്കാം, ഹൈഡ്ഗർ "മനുഷ്യനെ ലോകത്തിലായിരിക്കുന്ന സത്ത"യെന്നു വിശേഷിപ്പിച്ചതു്! ലോകത്തിന്റെ കേന്ദ്രവും അധിപനുമായ് മനുഷ്യൻവേണം അതിനെ ജയിച്ചടക്കാനും തന്റെ പാദങ്ങൾക്ക കീഴിലാക്കുവാനും. വളർന്നുകൊണ്ടിരിക്കുന്ന പരിണാമപ്രക്രിയയിലെ അവസാനത്തെക്കണ്ണിയായ മനുഷ്യനുമാത്രമേ, ലോകത്തിനു സാർത്ഥകതയും പ്രസക്തിയും പ്രദാനംചെയ്യുവാൻ സാധിക്കൂ.

ലോകത്തോടു പലായനമനഃസ്ഥിതിയാണ്, ഇന്നലെവരെ നാം വച്ചുപുലർത്തിപ്പോന്നതു്. ലോകത്തെ വെറുക്കണമെന്നുള്ള സെൻറ്പോളിന്റേയും സെൻറ് ജോണിന്റേയും വേദപുസ്തകഭാഗ[1] ങ്ങളെ വികലമായി വ്യാഖ്യാനിച്ചു ലോകത്തിൽനിന്നൊളിച്ചോടുവാൻ പല ദൈവശാസ്ത്രജ്ഞ

---

1 Cf. 1 യോഹ. 2: 15, 16; യോഹ. 12: 31; 14: 30; 16: 11; റോമ. 8: 20*ff*; കൊളോ. 2: 15.

www.malankaralibrary.com

ത്വം ആഹ്വാനം ചെയ്തു. പദാർത്ഥം തിന്മയെന്നും അതിനാൽ വർജ്ജ്യമെന്നുമുള്ള മനിക്കേയൻ ചിന്താധാര ഈ മനോഭാവത്തിനുപോൽബലകമായി. മുക്തി പ്രാപിക്കുന്നതിനു മായയായ ലോകം വിഘാതമെന്നും ലോകത്തേയും ലൗകികസുഖങ്ങളേയും ത്യജിച്ചു പരമാത്മാവുമായി സായുജ്യമടയണമെന്നും ഭാരതത്തിലെ ഋഷികളും പഠിപ്പിച്ചു. പക്ഷേ, യഥാർത്ഥക്രൈസ്തവവീക്ഷണത്തിൽ, ലോകം ദൈവസൃഷ്ടിയും (ഉൽപ. 1, 3) അതിനാൽ നല്ലതും സ്നേഹനീയവു (ഉൽപ. 1. 4, 10, 14, 18, 31) മത്രേ. ഈലോകത്തെ ഉന്നമിപ്പിച്ചു ജയിച്ചടക്കാൻ വി. ഗ്രന്ഥംതന്നെ പഠിപ്പിക്കുന്നുണ്ട് (ഉൽപ. 1, 28) മനുഷ്യന്റെ പാപംമൂലം അധഃപതിച്ച ലോകത്തെ (ഉൽപ. 3, 17; റോമ. 5, 12) സമുദ്ധരിക്കുവാൻ ദൈവത്തിന്റെ സ്നേഹം (യോഹ. 3, 18) തന്റെ സുതനെ ലോകത്തിലേക്കയച്ചു. ക്രിസ്തു തന്റെ അവതീർണ്ണതവഴി പ്രപഞ്ചത്തിനു പുതിയൊരർത്ഥവും മൂല്യവും കൊടുത്തു. ക്രിസ്തുവിൽ സകലതും പുനഃപ്രതിഷ്ഠിക്കുകയാണു ദൈവത്തിന്റെയും ഇഷ്ടം (cfr. എഫേ. 1, 9-12). ക്രിസ്തുവിന്റെ ദ്വിതീയാഗമനവും പ്രതീക്ഷിച്ചു "പുതിയ ആകാശവും പുതിയ ഭൂമിയും" (വെളി. 21, 1-4) സമാരംഭിക്കുന്നതിനു തീർത്ഥാടകദൈവജനത്തോടൊപ്പം പ്രപഞ്ചസാകല്യം ഈററുനോവനുഭവിക്കുകയത്രേ.

ലോകത്തെപ്പററിയുള്ള ഈ നൂതനാഭിമുഖ്യങ്ങൾ ഭൗതികയാഥാർത്ഥ്യങ്ങളുടേയും ചരിത്രത്തിന്റെയും ദൈവവിജ്ഞാനീയത്തിനു രൂപഭാവങ്ങൾ നല്കുന്നു. കൗൺസിലിലെ പ്രമാണരേഖകളിൽ ഈ പുത്തൻപ്രതിഭാസം കതിരിട്ടു പൂവണിഞ്ഞിട്ടുണ്ട്. "സഭ ആധുനികയുഗത്തിൽ" എന്ന പ്രമാണരേഖയിൽ ആധുനികലോകത്തേയും അതിന്റെ സങ്കീർണ്ണപ്രശ്നങ്ങളേയും അതിനെ വികസ്വരമാക്കാനുള്ള കർമ്മ

www.malankaralibrary.com

പദ്ധതികളേയുംകുറിച്ച് കുത്തിക്കുറിച്ചിട്ടുണ്ട്. "മനുഷ്യർ ഒത്തൊരുമിച്ച് പ്രവർത്തിച്ച് ഭൗതികമണ്ഡലത്തെ സമുദ്ധരിക്കുകയും പൂർണ്ണമാക്കുകയും ചെയ്യുവാൻ സഭ ഉദ്ബോധിപ്പിക്കുന്നു."[1] അങ്ങനെ മെച്ചപ്പെട്ട ലോകത്തിന്റെ പടുത്തുയർത്തൽവഴി വ്യക്തിത്വവും വികസ്വരമാകുകയത്രേ.

## മനുഷ്യനും ചരിത്രവും

ലോകത്തിലായിരിക്കുന്ന മനുഷ്യൻ അവശ്യം അതിന്റെ ചരിത്രത്തിലും ഗാഢബദ്ധനായിരിക്കണം. മനുഷ്യാസ്തിത്വം സാരാംശികമായി കാലികവും ചരിത്രപരവുമാണ്. അവന്റെ വ്യക്തിത്വം പൂർണ്ണിമയിലെത്തുക സമയത്തിലും ചരിത്രത്തിലും കൂടെയത്രേ. ചരിത്രത്തിൽ ഗാഢബദ്ധനായ മനുഷ്യൻ അതിന്റെ സനന്യതയും ആപേക്ഷികസ്വായത്തതയും അംഗീകരിച്ച് ലോകപുരോഗതിക്കുവേണ്ടി പ്രയത്നിക്കണം. ദൈവത്തിന്റെ രക്ഷാകരവിളിക്കു പ്രത്യുത്തരമേകി അവിടുത്തെ രക്ഷയിൽ ഭാഗഭാക്കാകുന്നതു ചരിത്രത്തിലൂടെയത്രേ. ദൈവത്തിന്റെ സൃഷ്ടിപ്രവൃത്തിയിൽ ഭാഗഭാക്കായി പൂർണ്ണതയിലേക്കു കുതിക്കുന്ന വ്യക്തി ചരിത്രത്തിലൂടെ സ്വയം രൂപപ്പെടുത്തുന്നു.

ലോകചരിത്രത്തോടഭേദ്യം ബന്ധിക്കപ്പെട്ടിരിക്കുക കൊണ്ടു ചരിത്രത്തോടുള്ള നമ്മുടെ സമീപനം ക്രിയാത്മകവും പുരോഗമനോന്മുഖവുമാകണം. ആർഷഭാരതത്തിലേയും ഗ്രീസിലേയും ദർശനത്തിൽ ചരിത്രം നിശ്ചലവും ആപേക്ഷികവും ചക്രഗതിയിൽ ആവർത്തനക്ഷമവുമായിരുന്നു. ക്രിസ്തുവിന്റെ അവതീർണ്ണത സൃഷ്ടിയിൽ സമാരംഭിച്ച പ്രാപ

1 അല്മായപ്രേഷിതത്വം: 7.

www.malankaralibrary.com

ഞ്ചികചരിത്രത്തെ ചലനാത്മവും പുരോഗമനോന്മുഖവുമാക്കി. ചരിത്രത്തിന്റെ ആരംഭവും കേന്ദ്രവും അവസാനവും ക്രിസ്തുവത്രേ. "മാനവചരിത്രത്തിന്റെ താക്കോലും കേന്ദ്രവും അന്ത്യവും ക്രിസ്തു"[1] വാണെന്നു കൗൺസിൽ തറച്ചുപറയുന്നുണ്ട്. അങ്ങനെ, ക്രിസ്തു ചരിത്രത്തിനു മൂല്യവും പ്രസക്തിയും പ്രദാനം ചെയ്തു. ഈ ചരിത്രം അന്ത്യാത്മകതയിലെ ദ്വിതീയാഗമനത്തെ കാത്തിരിക്കുന്നു. അന്ത്യാത്മികതയുടെ ഈ പരിപൂർത്തിക്കു ചരിത്രത്തിലൂടെ മനുഷ്യൻ യത്നിക്കേണ്ടതുണ്ട്.

## മനുഷ്യനും തൊഴിലും

അവസാനമായി, വ്യക്തിയും സമൂഹവും വളരുന്നതിനു തൊഴിൽ അത്യന്താപേക്ഷിതമത്രേ. "മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് ഉറവിടവും കേന്ദ്രീകൃതലക്ഷ്യവും മനുഷ്യൻ തന്നെ. തൊഴിൽവഴി മനുഷ്യൻ തന്നെത്തന്നെ വികസിപ്പിക്കുകയും വസ്തുക്കൾക്കും സമൂഹത്തിനും രൂപഭേദംവരുത്തുകയും ചെയ്യുന്നു. അങ്ങനെ അവൻ കൂടുതൽ ജ്ഞാനമാർജ്ജിക്കുകയും തന്റെ കഴിവുകൾ വികസിപ്പിക്കുകയും ചെയ്തുകൊണ്ടു പരിമിതികളുടെ വരമ്പുകൾ കടക്കുന്നു."[2] തൊഴിൽ വഴി വ്യക്തിമാത്രമല്ല വളരുന്നതു്. സമൂഹത്തിന്റെ ക്ഷേമവും അതുവഴി സാധിക്കും; "തങ്ങളെത്തന്നെയും സംരക്ഷിക്കുമ്പോൾ.... മനുഷ്യസമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി പണിയെടുക്കുകയാണവർ."[3]

തൊഴിലിനു വ്യക്തിത്വവികസനത്തിൽ ഇമ്മാത്രം

1 G. S. 10.
2 Ibid. 33.
3 Ibid. 34.

www.malankaralibrary.com

സ്ഥാനമുള്ളപ്പോൾ തൊഴിലിൻെറ മൂല്യവും പ്രസക്തിയും വ്യക്തമായി ഗ്രഹിച്ചിരിക്കണം. പൗരാണികഗ്രീസ്സിലും ഭാരതത്തിലും തൊഴിലിനെ അധമമായി കരുതി, പ്രത്യേകിച്ച് അധ്വാനവും ക്ലേശവുമുള്ള കായികപ്രവൎത്തനത്തെ. മധ്യശതകങ്ങളിലും ഇത്തരം വീക്ഷണം നിലനിന്നിരുന്നു. ലിബറലിസത്തിലും സോഷ്യലിസത്തിലും തൊഴിലിലെ മാനുഷികമൂല്യത്തെ അവഗണിച്ചു. ക്രിസ്തുമതം തൊഴിലിനു സാമാന്യമായ സ്ഥാനം നല്കുന്നുണ്ട്. തൊഴിലാളിയായ ക്രിസ്തു ജോലിക്കു പുതിയൊരൎത്ഥം നല്കി, ഈ തൊഴിൽ മനുഷ്യൻെറ ശാരീരികവും ആത്മീയവുമായ സിദ്ധികളെ വളൎത്തുന്നു. മനുഷ്യൻ വിശ്വത്തിൻെറ വിധാതാവാകുന്നതും തൊഴിലിലൂടെയത്രേ. വ്യക്തിത്വത്തിൻെറ വികസനത്തോടൊപ്പം സമൂഹവും തൊഴിൽവഴി വികസ്വരമാകുന്നു. "ദൈവത്തിൻെറ സൃഷ്ടിപ്രവൃത്തിയുടെ തുടൎച്ചയായ തൊഴിലിലൂടെ മനുഷ്യൻ ദൈവത്തിൻെറ വിളിക്കു പ്രത്യുത്തരമേകി അവിടുത്തെ മഹത്വപ്പെടുത്തുന്നു. അതുപോലെ മനുഷ്യൻ വിശുദ്ധിയുടെ ഉന്നതസോപാനങ്ങളിൽ കയറുന്നതും അനുദിനജോലിവഴിയാണല്ലോ." അവസാനമായി, മെച്ചപ്പെട്ടൊരു ലോകത്തെ സംസൃഷ്ടിക്കുന്നതും തൊഴിലിലൂടെയത്രേ.

www.malankaralibrary.com

# മനുഷ്യന്റെ ഭാവി

പ്രപഞ്ചത്തിന്റെ വിധാതാവും കേന്ദ്രവുമായ മനുഷ്യൻ ദൈവത്തോടും സമൂഹത്തോടും ലോകത്തോടുമുള്ള സമാഗമംവഴി തന്റെ ബുദ്ധിയും സ്വാതന്ത്ര്യവുമുപയോഗിച്ച് ഉന്നതങ്ങളിലേക്കുയരുവാൻ വെമ്പുന്നുവെന്നു മുൻപേജുകളിൽനിന്നു വ്യക്തമായല്ലോ. അനന്തതയിലേക്കുള്ള ഈ പ്രയാണത്തിൽ വേദനയും തിന്മയും ക്ലേശങ്ങളും പരാധീനതകളും സംഘട്ടനങ്ങളും അവനെ നിരാശതയിലാഴ്ത്തുന്നു. രൂക്ഷതരമായ പ്രപഞ്ചത്തിലത്രേ ആധുനികമനുഷ്യനിന്നു ജീവിക്കുക. ഈ വേദനയ്ക്കും തിന്മയ്ക്കുമെല്ലാം ഉപരിയായി മരണം അവനെ ഗ്രസിക്കുന്നു. മരണത്തെപ്പററിയുള്ള സ്മരണ സീമിതസത്തയായ മനുഷ്യനെ കൂടുതൽ ഉദ്വിഗ്നനാക്കുകയത്രേ.

## മരണം

അനന്തതയിലേക്കുയരുന്ന വ്യക്തിയെ മരണം ഉത്കണ്ഠാകുലനാക്കുന്നു. മരിക്കുവാൻ വിധിക്കപ്പെട്ട സത്ത (being for death)യാണു താനെന്നു ഓരോ മനുഷ്യനും ഹൈഡഗ്ഗറോടൊപ്പം പറഞ്ഞുപോകും. മനുഷ്യന്റെ സിദ്ധിയും സാധനയും മരണത്തോടെ തകർന്നടിയുന്നു. അപ്പോൾ, നിരാശനായ മനുഷ്യൻ മരണത്തെ അസ്തിത്വത്തിന്റെ അസാധ്യതയുടെ സാധ്യത (possibility of the impossibility of existence) എന്നു വിശേഷിപ്പിക്കുന്നു. ആധുനികമനുഷ്യന്റെ ഈ ഉത്കണ്ഠയെക്കുറിച്ച് തികച്ചും ബോധവതിയാ

www.malankaralibrary.com

ണ്, സഭ.[1] മരണത്തിന് അർത്ഥംകൊടുക്കുവാൻ വെറും മാനുഷികബുദ്ധിക്കു കഴിയുകയില്ല. മരണത്തിന്റെമുമ്പിൽ മനുഷ്യഭാഗധേയം അസ്പഷ്ടതാജടിലമെങ്കിലും സഭ ദിവ്യാവിഷ്കരണത്താൽ പ്രചോദിതയായി മരണത്തിന്റെ പ്രസക്തിയെക്കുറിച്ചു പഠിപ്പിക്കുന്നുണ്ട്.[2]

മനുഷ്യന്റെ അധഃപതനമാണ് ശാരീരികമൃത്യുവിന്റെ നിദാനമെന്നു വേദഗ്രന്ഥം പഠിപ്പിക്കുന്നുണ്ട് (Cfr. റോമ. 5, 21; 6, 23). പക്ഷേ, ആ മരണത്തേയും പാപത്തേയും തന്റെ പെസഹാരഹസ്യംവഴി ക്രിസ്തു ജയിച്ചടക്കി. തന്റെ ഉത്ഥാനംവഴി, മനുഷ്യനെ മൃത്യുവിൽനിന്നു മോചിപ്പിക്കുകയും ചെയ്തു (Cfr. 1കോറ. 15, 56–67). അങ്ങനെ ക്രിസ്തുവിന്റെ രക്ഷാകർമ്മം മനുഷ്യന്റെ മരണത്തിനു സാർത്ഥകത നല്കി. മരണത്തോടുകൂടി എല്ലാം അവസാനിച്ചുവെന്ന പ്രമാദാത്മവാദികളുടെ അഭിമതം ക്രിസ്തുവിന്റെ ഉത്ഥാനം തിരുത്തിയിട്ടുണ്ട്. മരണത്തിനുശേഷം ദൈവത്തിന്റെപക്കൽ യഥാർത്ഥജീവൻ കണ്ടെത്തുമെന്ന പ്രതീക്ഷ മനുഷ്യരിൽ ദൈവാവിഷ്കരണം ഉണർത്തും.[3] അതുകൊണ്ടു മനുഷ്യൻ മരണത്തെ പാരത്രികജീവിതത്തിന്റെ ആരംഭമായി സ്വതന്ത്രമായി സ്വീകരിക്കണം.

## മനുഷ്യന്റെ ഭാവി

മനുഷ്യനെ അലട്ടുന്ന പ്രശ്നമാണ്, എന്താണ് അവന്റെ ഭാവിയെന്നതു്. മരണത്തിനുശേഷം ജീവിതമുണ്ടോ? മനുഷ്യനാഗ്രഹിക്കുന്ന പൂർണ്ണാനന്ദം അനന്തരജീവിതത്തിൽ

---

1. G. S. 18.
2. Ibid.
3. G. S. 18

ലഭിക്കുമോ? അനന്തതയിലേക്കുള്ള അഭിവാഞ്ഛ എല്ലാവരിലുമുണ്ടെന്നതു്, തീർച്ച. അതുകൊണ്ടു് മനുഷ്യന്റെ ഭാവിയിലേക്ക ചുഴിഞ്ഞിറങ്ങുവാൻ മതവും തത്വചിന്തയും ഭൗതികശാസ്ത്രങ്ങളും ചരിത്രവും സാഹിത്യവും പരിശ്രമിക്കുന്നുണ്ടു്. ഭൗതികമാത്രവാദികൾ ലോകത്തെത്തന്നെ തങ്ങളുടെ ആത്യന്തികലക്ഷ്യമായി കരുതുന്നു. നിരീശ്വരതത്വചിന്തകർ അതിമാനുഷ്യന്റെ പുതുപ്പിറവിയെ പ്രതീക്ഷിച്ചിരിക്കുന്നു. സാർത്രു് പ്രഭൃതികൾ ലക്ഷ്യബോധമില്ലാതെ ശൂന്യതയിൽ കിടന്നുഴലുന്ന മനുഷ്യനെയാണു വിഭാവനം ചെയ്യുന്നതു്. ഈശ്വരസാക്ഷാത്കാരമെന്നു മതചിന്തകർ പറയും.

ശോഭനവും സുഖസമ്പൂർണ്ണവുമായ ഭാവിയത്രേ എല്ലാവരും പ്രതീക്ഷിച്ചിരിക്കുക. അപരിമേയനായ പരംപൊരുളിനെ മുഖാഭിമുഖം ദർശിച്ചു് സായൂജ്യമടയുകയാവും മനുഷ്യന്റെ ആത്യന്തികലക്ഷ്യമെന്നു വേദഗ്രന്ഥം പഠിപ്പിക്കുന്നുണ്ടു്. ആ സ്വർഗ്ഗീയാനന്ദത്തിനുവേണ്ടി യത്നിക്കുകയത്രേ ഓരോ ക്രൈസ്തവനും ചെയ്യുക, ചെയ്യേണ്ടതും. ഈശ്വരകേന്ദ്രീകൃതമായ ക്രിസ്ത്യൻഹ്യൂമനിസത്തിന്റെ ആത്യന്തികലക്ഷ്യം ദൈവമായിരിക്കണം. ഷർദാനിയന്റെ പരിണാമാത്മകവിശ്വവീക്ഷണവുമെത്തിനില്ക്കുക, ഈശ്വരനിലത്രേ. പരിണാമപ്രക്രിയ അവസാനക്കണ്ണിയായ മനുഷ്യന്റെ ചിന്താതലത്തിലൂടെ വികസ്വരമാകുകയാണു്. ഈ വ്യക്തിവത്കരണം എത്തിനില്ക്കുന്നതോ സമൂഹവത്കരണത്തിലും. ഈ കേന്ദ്രീകൃതപ്രവണതയെ ഷർദാങ്ങ് (Teilharp de Chardin) ഗ്രഹവത്കരണ (planetezation) മെന്നു വിളിക്കുന്നു. ആധുനികനാഗരികത ഈ പ്രതിഭാസത്തിന്റെ മെച്ചപ്പെട്ട പ്രതീകമത്രേ. ഈ പ്രവണത മനുഷ്യനെ ഐക്യഭാവത്തിലേക്ക നയിക്കുന്ന വ്യക്തികൾ തങ്ങളുടെ വ്യക്തിത്വം നശിപ്പിക്കാതെ പരമകോടിയിൽ ഒന്നിക്കുന്നു. ഈ കേന്ദ്രബിന്ദുവിനെ ഒ

www.malankaralibrary.com

മേഗാ പോയിൻറ് (Omega point) എന്ന് അദ്ദേഹം പേരിട്ടു. സെൻറ്പോളിൻെറ "പ്രാപഞ്ചികക്രിസ്തു" (Cfr. കൊളോ. 1, 15–17) തന്നെയാണ് ഈ ഒമേഗാ പോയിൻറ്. ക്രിസ്തുവിൽ കേന്ദ്രീകരിക്കുന്ന പുതിയ മനുഷ്യരെന്നു (Christic men) വിളിക്കുവാൻ ഷാർദാങ്ങ് ഇഷ്ടപ്പെടുന്നു. മനുഷ്യരിലൂടെ പ്രപഞ്ചസാകല്യവും ക്രിസ്തുവിൽ പുന:സമാഹരിക്കുകയും ചെയ്യും".[1]

---

1. Cfr. Teilher De Chardin, Phenomenon of Man (Collins' London, 1959).

www.malankaralibrary.com

# SELECT BIBLIOGRAPHY


BUBER, MARTIN, *Between Man and Man*, Collins, Fontana Library, 1961.

CRONAN, EDWARD, P., *The Dignity of theHuman Person*, New York, Philosophical Library, 1955.

FICHTNER, JOSEPH, O.S.C., *Theological Anthropology*, University of Notre Dame Press, 1963.

*Man Before God,—Compailed at the canisianum. Innsbnuck*, New York, P. J. Kennedy and Sons, 1966.

MOUROUX, JEAN, *The Mening of Man*, London, Sheed and Ward, 1948.

RIGA, PETER, J., *The Church made Relevant*, Notre Dame, Fides Publishers, 1967.

SCHOONENBERG, PIET, S.J., *God's World in the Making*, Dublin, Gill and Son, 1965.

TRESMONTANT, CLAUDE, *A Study of Hebrew Thought*, New York, Desclee Company, 1960.

TROCQUER, RENE LE, *What is Man*, Faith and Fact Books: 31, London, Burns and Oates, 1961.

VANN, GERALD, O.P., *The Heart of Man*, New York, Image Books, 1960.


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

Press Registrar of India R. N. 3134 / 57

## About this issue

*Man is at the centre of all thought and research today. Scientists, philosophers and men of letters attempt to plumb the depths of the mystery which is man. Marxists, humanists and existentialists all seek to uncover the meaning of man and are baffled. Man is seen as the void of freedom, thrown-into-the-world, forlorn in anguish, a useless passion, an economic factor fashioned by his own labour. Current theology evidences a renewed and refined interest in man: his nature, his freedom and his destiny. This interest is most strikingly felt in the documents of Vatican II, especially its Pastoral Constitution on* "The Church in the Modern World". *Based as it is on the Constitution's treatment of man's dignity, this booklet attempts to present basic outline of a valid theological anthropology: man, created in God's image, is called to fellowship with God, historically realizing the embodied condition of his consciousness and freedom and growing into self-fulfiment in God.*

## About the 'S. H. League'

*The 'S. H. League' is a doctrinal bimonthly in Malayalam, published from St Joseph's Pont. Seminary, Alwaye. Each issue is a scholarly exposition of a single subject, by one who has made a special study of it. The subjects selected are of varied interests: mostly socio-religious and theologico-philosophical. The annual subscription for the 'S. H. League' is to be paid in advance. Subscribers, kindly indicate your Reg. No. in all communications. Order from The Secretary, S. H. League, Alwaye-3.*

www.malankaralibrary.com